നം.കെഎസ്എ-കെടിഎം.പി.12-304/2016 തിയ്യതി: 02.04.2016

**കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

2013-14, 2014-15 സാമ്പത്തിക വർവർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-12-14 മുതൽ 14-2-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2016 മുതൽ 25.02.2016 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ പേര്** | **ഉദ്യോഗപ്പേര്** |
| ശ്രീ.പി.ജി.പ്രസാദ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലേഖ വി. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.വി.ജി.സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ശ്രീലത.പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അരുൺകുമാർ.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.പി.ബി.ഷാജിമോൻ | ഓഡിറ്റർ |

### ബി) നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.സാജൻ തൊടുക [1.4.2013 മുതൽ 22.11.13 വരെ.]<br>ശ്രീമതി സെൽവി വിൻസൺ, [23.11.13-22.12.13]<br>ശ്രീ.കെ.പി.കരുണാകരൻ നായർ [23.12.2013 മുതൽ 31.3.2015 വരെ.] |
| സെക്രട്ടറി | ശ്രീ.വി.ജി.ജയകുമാർ [ 1.4.2013 മുതൽ 3.7.13 FN വരെ]<br>ശ്രീ.ജോർജ് തോമസ്, അസി.സെക്രട്ടറി,ചാർജ് [3.7.13 എ.എൻ.മുതൽ 10.7.13 വരെ.]<br>ശ്രീമതി ബി.എസ്.ഗീത [11.7.13 മുതൽ 8.12.13 വരെ,<br>ശ്രീ.ബി.മോഹൻകുമാർ, ജു.സൂപ്രണ്ട്.[9.12.13മുതൽ 15.12.13 വരെ]<br>ശ്രീമതി ബി.എസ്.ഗീത (16.12.13 മുതൽ 2.6.14 വരെ]<br>ശ്രീമതി.സൗമ്യ,ഹെഡ് ക്ലർക്ക് ,ചാർജ് [3.6.14മുതൽ 1.8.14 വരെ]<br>ശ്രീമതി ബി.എസ്.ഗീത (02.08.14 മുതൽ 31.03.2015 വരെ] |

### നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഷീബ.കെ.എസ്<br>ഹാപ്പി മാത്യു.കെ | 1.4.13 മുതൽ 8-5-14വരെ |

| | | |
|---|---|---|
| | ശ്രീമതി സുധ.റ്റി.ജി<br>ജിജോ ജോസ് വൈപ്പന | 9-5-14മുതൽ 24-6-14വരെ<br>25-6-14 മുതൽ 30-9-14വരെ<br>1-10-14 മുതൽ 31-3-15 വരെ |
| അസി.എൻജിനീയർ | ശ്രീ.ടോമിച്ചൻ.കെ ജോസഫ്<br>ശ്രീമതി രാജിമോൾ രാജു<br>ശ്രീമതി. ആഭ ഗോപിനാഥ്<br>ശ്രീമതി.രാധാമണി കെ.എൻ | 1.4.2013 മുതൽ 22-10-13 വരെ<br>23-10-13 മുതൽ 8-6-14വരെ<br>9-6-14 മുതൽ 05-08-14 വരെ<br>06-08-14 മുതൽ 31-3-15വരെ |
| വെറ്ററിനറിസർജൻ | ഡോ.സുധീർ<br>ഡോ.സൂരജ്. എസ്<br>ഡോ. സ്മിത കൈമൾ | 1.4.2013 മുതൽ 23-7-13വരെ<br>24-7-13മുതൽ 23-7-14വരെ 24-7-14മുതൽ31-3-15വരെ |
| മെഡി.ഓഫീസർ(സി.എച്ച് സി) | ശ്രീമതി ജെസ്സി എം കട്ടപ്പുറം | 1.4.2013 മുതൽ 31.3.15 വരെ |
| മെഡി.ഓഫീസർ(ഹോമിയോ) | ഡോ.സൗദ.ഇ.എ | 1.4.2013 മുതൽ 31.3.15 വരെ |
| മെഡി.ഓഫീസർ(ആയുർവ്വേദം) | ശ്രീമതി അഞ്ജലി.വി | 1.4.2013 മുതൽ 31.3.15 വരെ |
| വി.ഇ.ഒ | ശ്രീ.ആകർഷ് .ജി.കൃഷ്ണൻ<br>ശ്രീ.രങ്കു സുരേഷ് | 1.4.13 മുതൽ 31-3-15 വരെ<br>1.4.13 മുതൽ 31-3-15 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ജാസ്മിൻ.കെ | 1.4.2013 മുതൽ 31.3.15 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി വിജി വിശ്വനാഥ്<br>ശ്രീമതി ജമിനി ജോൺ | 1.4.2013 മുതൽ 31-3-14 വരെ<br>1-4-14 മുതൽ 31-3-15 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം. |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 1-12 | തനത് ഫണ്ട് ചെലവുകൾ |
| ഭാഗം-2 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | മൊബൈൽ ടവറുകളുടെ പുതുക്കിയ വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ |
| 2-2 | വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ്--നിബന്ധനകൾ പാലിക്കുന്നില്ല |

| | |
|---|---|
| 2-3 | അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവ് |
| 2-4 | തൊഴിൽ നികുതി |
| 2-5 | സ്ഥാപന തൊഴിൽ നികുതി ഇൗടാക്കിയിട്ടില്ല |
| 2-6 | സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഇൗടാക്കിയിട്ടില്ല. |
| 2-7 | വിമുക്തഭടനെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി |
| 2-8 | തൊഴിൽ നികുതി ഇൗടാക്കിയതിൽ കുറവ് |
| 2-9 | ഡി & ഒ ട്രേഡ് ലൈസൻസ് |
| 2-10 | മോട്ടോറിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഇൗടാക്കിയില്ല |
| 2-11 | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഇൗടാക്കിയില്ല |
| 2-12 | വനിതാ വ്യവസായ പരിശീലന കേന്ദ്രം, പൈക--മുറികളുടെ വാടക ഇനത്തിലെ വരുമാനം നാമമാത്രം |
| 2-13 | വാടക യഥാസമയം ഇൗടാക്കുന്നില്ല |
| 2-14 | വാടക രജിസ്റ്റർ അപൂർണ്ണം |
| 2-15 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം--കാലതാമസം വരുത്തുന്നവരിൽ നിന്നും പിഴ ഇൗടാക്കുന്നില്ല |
| ഭാഗം-3 | ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ഉടമസ്ഥാവകാശമില്ലാത്ത വസ്തുവിൽ ആശുപത്രി നിർമ്മാണം |
| 3-2 | പ്രൊക്യൂർമെന്റ് കമ്മിറ്റികൾ യോഗം ചേരാതെ വാങ്ങലുകൾ നടത്തി |
| 3-3 (എ) | ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തത് |
| 3-3 (ബി) | പച്ചക്കറി തൈ വിതരണം--ക്വട്ടേഷൻ നടപടിക്രമം പാലിച്ചില്ല |
| 3-4 | കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറിയില്ല |
| 3-5 | ആശ്രയ പദ്ധതി--പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അലംഭാവം |
| 3-6 | ഗ്രാമസഭാ സംഘാടനം |
| 3-7 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം |
| 3-6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 3-9 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ടുകൾ |
| ഭാഗം 4 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

**അനുബന്ധ പത്രികകൾ**

ഓഡിറ്റ് ചെയ്ത

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്

3. റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്
4. ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 10-2-14 തിയതിയിലെ 5(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

2014-15 വർഷത്തെ ബജറ്റ് 12-3-15 തിയതിയിലെ 6(2) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2013-14 | 2014-15 |
|---|---|---|
| ആകെ വരവ് | 557223191 | 64711910 |
| ആകെ ചെലവ് | 55318521 | 64438594 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2013-14 | 31.07.14 | 25.07.14 | ഇല്ല | ഇല്ല |
| 2014-15 | 31.07.15 | 21.07.15 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 18.08.14 | എൽ.എഫ്.കെ.പി.14-ജി.പി.9/14 തീ.31.12.14 |
| 2014-15 | 15.10.15 | കെഎസ്എ-കെടിഎം.പി.14/ ജി.പി.9/15 തീ.31.12.15 |

ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ ഇളങ്ങുളം എസ്.ബി.റ്റി. അക്കൗണ്ടിൽ (നം-67160559648 ) 31.03.2015 -ൽ 18466 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെട്ടതും അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പൈകയിൽ 720-നമ്പരായി 31.03.15 ൽ സ്ഥിരനിക്ഷേപം ഇനത്തിൽ 1 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. ടി തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 12066907 | 13867816 |
| വരവ് | 43710350 | 52143417 |
| ആകെ | 55777257 | 66011233 |
| ചെലവ് | 41909441 | 44749453 |
| നീക്കിയിരിപ്പ് | 13867816 | 21261780 |

## 1-5 ഫണ്ട് വിനിയോഗം

**(2013-14)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1012365 | 7539000 | 8551365 | 7942321 | 609044 | 93 |
| വികസനഫണ്ട് എസ്.സി.പി. | 715530 | 2073000 | 2788530 | 2458346 | 330184 | 88 |
| വികസനഫണ്ട് ടി.എസ്.പി. | 67000 | 64000 | 131000 | 97700 | 33300 | 75 |
| സംരക്ഷണഗ്രാന്റ് റോഡ് | 972 | 3709000 | 3709972 | 3499866 | 210106 | 94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 693380 | 2064000 | 2757380 | 2057381 | 699999** | 75 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 203594 + (1310 പലിശ) | 4043000 | 4246594+ (1310 പലിശ) | 3095928 | 1150666 +1310 (പലിശ) | 73 |
| പെർഫോമൻസ് ഗ്രാന്റ് | 464365 | 2189000 | 2653365 | 2352371 | 300994 | 89 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 115206 | 3794790 | 3909996 | 3884085 | 25911 | 99.3 |
| ബി ഫണ്ട് | --- | 7398650 | 7398650 | 7398650 | --- | 100 |
| സംയോജിത പ്രോജക്റ്റുകൾക്കുള്ള ബ്ലോക്ക് വിഹിതം | -- | -- | -- | -- | -- | |

** 2013-14-ൽ ചെലവഴിക്കാതെ ശേഷിച്ച 727500/-രൂപ സർക്കാർ നിർദ്ദേശപ്രകാരം ദേശീയ തൊഴിലുറപ്പു പദ്ധതിക്ക് മുൻകൂർ നൽകിയത് യഥാർത്ഥ ചെലവായി പരിഗണിച്ചതനുസരിച്ചുള്ള കണക്ക്.

പൊതു ആവശ്യ ഗ്രാന്റ് : 52,50,000/-രൂപ. ഇതോടൊപ്പം വിടവു നികത്തൽ ഫണ്ടായി ധനകാര്യ വകുപ്പിന്റെ 3.3.2014-ലെ ജി.ഒ ആർടി)നം.1632/14പ്രകാരം 1,98,080/-രൂപ കൂടി തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

**(2014-15)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 609044 | 8441000 | 9050044 | 8325897 | 724147 | 92 |
| വികസനഫണ്ട് എസ്.സി.പി. | 330184 | 2346000 | 2676184 | 1494979 | 1181205 | 56 |
| വികസനഫണ്ട് ടി.എസ്.പി. | 33300 | 74000 | 107300 | 34000 | 73300 | 32 |
| സംരക്ഷണഗ്രാന്റ് റോഡ് | 210106 | 4337000 | 4547106 | 4530276 | 16830 | 77 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1427499(ദേശീയതൊഴിലുറപ്പു പദ്ധതിക്ക് മുൻകൂറായി നൽകിയ 727500/-ഉൾപ്പടെ) | 2414000 | 3841499 | 2967799 | 873700 | 99.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1150666 +1310 പലിശ | 5539758 | 6691734 | 5463031 | 1228703 | 82 |
| പെർഫോമൻസ് ഗ്രാന്റ് | 300994 | 2642000 | 2942994 | 81586 | 2861408 | --03-- |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 25911 | 10373195 | 10399106 | 10399106 | 00 | 100 |
| ബി ഫണ്ട് | --- | 11363620 | 11363620 | 11363620 | --- | 100 |
| സംയോജിത പ്രോജക്റ്റുകൾക്കുള്ള ബ്ലോക്ക് വിഹിതം | -- | -- | --- | -- | -- | -- |

പൊതു ആവശ്യ ഗ്രാന്റ് **: 65,00,000/-**രൂപ**.** ഇതോടൊപ്പം വിടവു നികത്തൽ ഫണ്ടായി തൻവർഷവും ധനകാര്യ വകുപ്പിന്റെ **11.12.2014-**ലെ ജി.ഒ ആർടി)നം**.9330/14** പ്രകാരം **211214/-**രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചു**.**

## 1-6 പദ്ധതി അവലോകനം.

എ)) 2013-14

ഗ്രാമപഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 21.7.2012, 31.12.13, 28.2.13, 31.7.2013, 1.8.2013 |
| ഊരുകൂട്ടങ്ങൾ | 09.08.2012 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 11.08.2012—21.08.2012 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യേക ഗ്രാമസഭ | 10.08.2012 |
| വികസനസെമിനാർ | 07.09.2012 |
| ഭരണ/ സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 29.03.2014-ലെ 2(5) നമ്പർ തീരുമാനം |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 812/13/ഡിപിസി/ഡിപിഒ/കെടിഎം/തീയതി.17.05.2014 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ 21.8.2013-ലെ I-ാം നമ്പർ തീരുമാനം |
| ടെൻഡർ ക്ഷണിക്കൽ | ഭരണസമിതിയുടെ 05.09.2013-ലെ I(1)-ാം നമ്പർ തീരുമാനം |
| ടെൻഡർ അംഗീകാരം | ഭരണസമിതിയുടെ 21.10.2013-ലെ I(1)-ാം നമ്പർ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | 25.11.2013, 27.12.2013 |

പ്ലാൻ കോർഡിനേറ്റർ : ശ്രീ. ആകർഷ് .ജി.കൃഷ്ണൻ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഷികപദ്ധതി അടങ്കൽ | 29148433 |
| ആകെ ചെലവ് | 23242029 |
| ചെലവ് ശതമാനം | 79.7 |

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 94 | 16 | 110 | 82 | 14 | 96 |
| എസ്.സി.പി | 06 | 04 | 10 | 06 | 03 | 09 |
| ടി.എസ്.പി | 03 | 00 | 03 | 02 | 00 | 02 |
| ആകെ | 103 | 20 | 123 | 90 | 17 | 107 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 86.9

വാർഷികപദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വരവുചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 11470895 | 10498367 |
| ആസ്തിപരിപാലനഗ്രാന്റ്- റോഡിതരം | 2757380 | 2057381 |
| ആസ്തിപരിപാലനഗ്രാന്റ്- റോഡ് | 3709972 | 3499866 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4246594 | 3095928 |
| ലോകബാങ്ക് ധനസഹായം | 2653365 | 2352371 |
| കേന്ദ്രാവിഷ്കൃതപരിപാടി | 1856780 | 1065068 |
| സംസ്ഥാനാവിഷ്കൃതപരിപാടി | 312500 | 00 |
| തനതുഫണ്ട് | 447902 | 285566 |
| ജില്ലാപഞ്ചായത്ത് വിഹിതം | 00 | 00 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 00 | 00 |
| മറ്റിനങ്ങൾ | 1693045 | 387482 |
| ആകെ | 29148433 | 23242029 |
| ആകെ ചെലവ് ശതമാനം | | 79.7 |

ബി) 2014-15

ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 12.11.2013 |
| ഊരുകൂട്ടങ്ങൾ | 13.12.2013 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 19.11.13—21.11.2013 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യേക ഗ്രാമസഭ | 21.12.2013, 20.2.2015 |
| വികസനസെമിനാർ | 11.11.2014 |
| ഭരണ/ സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 27.11.2014-ലെ I(9) നമ്പർ തീരുമാനം |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 980/2014/ഡിപിസി/ഡിപിഒ/കെടിഎം/തീയതി.30.3.2015 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ 27.09.2014-ലെ I(6)-ാം നമ്പർ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | തൻവർഷം യോഗം ചേർന്നില്ല |

പ്ലാൻ കോർഡിനേറ്റർ : 1. ശ്രീമതി.കെ.ബിന്ദു, സീനിയർ ക്ലാർക്ക്.

2.ശ്രീമതി.ഗ്ലോറിമോൾ ജോൺ.സി.വൈ., സീനിയർ ക്ലാർക്ക്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഷികപദ്ധതി അടങ്കൽ | 37292214 |
| ആകെ ചെലവ് | 23669783 |
| ചെലവ് ശതമാനം | 63.47 |

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 118 | 11 | 129 | 89 | 10 | 99 |
| എസ്.സി.പി | 08 | 02 | 10 | 08 | 01 | 09 |
| ടി.എസ്.പി | 02 | 01 | 03 | 01 | 01 | 02 |
| ആകെ | 128 | 14 | 142 | 98 | 12 | 110 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 77.46

വാർഷികപദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വരവുചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 11833528 | 9854876 |
| ആസ്തിപരിപാലനഗ്രാന്റ്-റോഡിതരം | 3841499 | 2967799 |
| ആസ്തിപരിപാലനഗ്രാന്റ്-റോഡ് | 4547106 | 4530276 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6691734 | 5463031 |
| ലോകബാങ്ക് ധനസഹായം | 2942994 | 81586 |
| കേന്ദ്രാവിഷ്കൃതപരിപാടി | 4619000 | 331000 |
| സംസ്ഥാനാവിഷ്കൃതപരിപാടി | 312500 | 00 |
| തനതുഫണ്ട് | 500153 | 161352 |
| ജില്ലാപഞ്ചായത്ത് വിഹിതം | 00 | 00 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 00 | 00 |
| മറ്റിനങ്ങൾ | 2003700 | 279863 |
| ആകെ | 37292214 | 23669783 |
| ആകെ ചെലവ് ശതമാനം | | 63.47 |

ബി) വാർഷികപദ്ധതി നിർവഹണം (2013-14)

കാർഷികമേഖലയ്ക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്ത് ആയതിനാൽ കാർഷികമേഖലയെ ശക്തിപ്പെടുത്തുന്നതിനും ദുർബലവിഭാഗങ്ങളെ സംരക്ഷിച്ചുകൊണ്ടും ഗതാഗതം, കുടിവെള്ളം, വൈദ്യുതി എന്നീ മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകിയും നീതിപൂർവവും സുസ്ഥിരവുമായ ഒരു സമഗ്രവികസന കാഴ്ചപ്പാടോടുകൂടിയായിരുന്നു 12-ാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്തത്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**<u>നേട്ടങ്ങൾ</u>**

1. ചെറുകിട കാർഷിക യന്ത്രവത്ക്കരണം,വിവിധയിനം വൃക്ഷ/പച്ചക്കറിതൈകളുടെ വിതരണം, ജലസേചനക്കിണർ നിർമാണം, കന്നുകുട്ടിപരിപാലനം,ക്ഷീരകർഷകർക്ക് ഇൻസെന്റീവ്, മുട്ടക്കോഴി വിതരണം, തുടങ്ങിയ പ്രോജ ക്ടുകൾ കാർഷിക-മൃഗ സംരക്ഷണമേഖലകൾക്ക് ഫലപ്രദവും പ്രചോദനദായകവുമായിരുന്നു.
2. ഭവനനിർമാണമേഖലയിൽ മികച്ച നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു.
3. ഖരമാലിന്യസംസ്ക്കരണത്തിന് ഊന്നൽ നൽകുന്ന പ്രോജക്ടുകൾ-ബയോഗ്യാസ് പ്ലാന്റ് ,പൈപ്പ് കമ്പോസ്റ്റ് വിതരണം , കക്കൂസ് നിർമാണം തുടങ്ങിയവ നടപ്പാക്കി.
4. രോഗാതുരരായ സാധുജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ പ്രോജക്ട് വിജയകരമായി നടപ്പാക്കി.
5. ഭരണനവീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് കാര്യാലയത്തിൽ സെർവർ കമ്പ്യൂട്ടർ, ജനറേറ്റർ എന്നിവ വാങ്ങി സ്ഥാപിക്കാൻ കഴിഞ്ഞു.
6. വിവിധ റോഡുകളുടെനവീകരണം നടത്തി.

**കോട്ടങ്ങൾ**

1.നെൽക്കൃഷി അനുദിനം സംസ്ഥാനത്ത് കുറഞ്ഞുവരുന്ന സാഹചര്യം നിലനിൽക്കുമ്പോൾ കൃഷിയോഗ്യമായ അനേകം ഹെക്ടർ നിലം കൈമുതലായുള്ള പഞ്ചായത്തിൽ പ്രസ്തുത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കേവലം 3000/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

2.ശുദ്ധജലദൗർലഭ്യം ഏറെ അനുഭവപ്പെടുന്ന പഞ്ചായത്തിൽ ഒട്ടേറെ കുടിവെള്ളപദ്ധതികൾ തൻവർഷം, ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കിയില്ല.

3. ആശ്രയ പദ്ധതി പ്രവർത്തനം വികസനഫണ്ട് പിൻവലിച്ച് പ്രത്യേക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതു മാത്രമായി പരിണമിച്ചു.

വാർഷികപദ്ധതി നിർവഹണം (2014-15)

12-ാം പഞ്ചവത്സരപദ്ധതി കാലയളവിലെ 3-ാം വാർഷിക പദ്ധതിയും മുൻവർഷത്തേതിന് സമാനമായ രീതിയിലാണ് വിഭാവനം ചെയ്തത്. നിശ്ചിത സമയപരിധിക്കുള്ളിൽ വിവധ തലങ്ങളിൽനിന്നുള്ള അംഗീകാരങ്ങൾ വാങ്ങിയതിനാൽ പദ്ധതിനിർവഹണത്തിന് വേണ്ടത്ര സമയവും ഉറപ്പാക്കാൻ കഴിഞ്ഞു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**നേട്ടങ്ങൾ**

1. ഉൽപാദനമേഖലയിൽ വൈവിധ്യമേറിയ പ്രോജക്റ്റുകൾ നടപ്പാക്കി.
2. ഭവനനിർമാണമേഖലയിൽ 11 പ്രോജക്റ്റുകളിലൂടെ 44ലക്ഷത്തിലധികം രൂപ വിവിധ വിഭാഗങ്ങളുടെ ഭവന നിർമാണം ,അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി വിനിയോഗിച്ചു.
3. രോഗാതുരരായ സാധുജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ പ്രോജക്റ്റ് വിജയകരമായി നടപ്പാക്കി.
4. ഘടക സ്ഥാപനങ്ങളും വിവിധ അംഗൻവാടികളും നവീകരിച്ചു.
5. വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി.

കോട്ടങ്ങൾ

1.നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്പ്രോജക്റ്റുകളൊന്നും ആവിഷ്ക്കരിച്ചില്ല.

2.സ്ത്രീ ശാക്തീകരണം ,സാമൂഹ്യപദവി ഉയർത്തൽ, സാമ്പത്തിക സ്വയം പര്യാപ്തത എന്നിവ മുന്നിൽക്കണ്ട് ആവിഷ്ക്കരിച്ച "ഓട്ടോറിക്ഷാ വാങ്ങൽ -വനിത"എന്ന പ്രോജക്റ്റ് നടപ്പാക്കിയില്ല.

3.പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി ഫണ്ട് വിനിയോഗത്തിൽ ഗണ്യമായ കുറവുണ്ടായി. വിനിയോഗം യഥാക്രമം 56 ശതമാനവും 32ശതമാനവും മാത്രമാണ്. തൻമൂലം പൊതു വിഭാഗത്തിൽ നിന്ന് പരിഹാരവകയിരുത്തൽ നടത്തേണ്ട സാഹചര്യവും സംജാതമായി.

4.ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി കേവലം സ്കോളർഷിപ്പ് വിതരണം ചെയ്യുന്ന പ്രോജക്റ്റ് മാത്രമാണ് നടപ്പാക്കിയത്.

5.പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗങ്ങൾ ചേരാതെ വാങ്ങലുകൾ നടത്തിയതുവഴി സർക്കാർ മാർഗരേഖാ ലംഘനമുണ്ടായി.

6. കോറം തികയാതെ ഗ്രാമസഭകൾ ചേർന്നതും മിനിട്സ് രേഖപ്പെടുത്താത്തതും പദ്ധതി ആസൂത്രണ -നിർവഹണ ഘട്ടങ്ങളിലെ ഗൗരവമേറിയ വീഴ്ചകളായി.

7 ആശ്രയ പദ്ധതിക്കുള്ള വികസനഫണ്ട് വിഹിതം പ്രത്യേക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത തൻവർഷവും തുടർന്നു.

8. ഭൂരഹിത-ഭവനരഹിത പുനരധിവാസപദ്ധതിപ്രകാരം 3 പട്ടികജാതി ഗുണഭോക്താക്കൾക്കു സ്ഥലം വാങ്ങാൻ സബ്സിഡി അനുവദിച്ചുവെങ്കിലും പൂരകമായി ഗൃഹനിർമാണത്തിന് ധനസഹായം അനുവദിക്കപ്പെട്ടില്ല.

9. വിവിധ കുടിവെള്ളപദ്ധതികൾ തൻവർഷവും പദ്ധതിയുടെ ഭാഗമാക്കിയെങ്കിലും ;ചില പ്രോജക്റ്റുകൾ മാത്രമാണ് നടപ്പാക്കിയത്.

10. ഹോമിയോ ആശുപത്രി നവീകരണത്തിനായി 2012-13മുതൽ പ്രോജക്റ്റുകൾ ആസൂത്രണം ചെയ്തെങ്കിലും അത് നാളിതു വരെ പൂർത്തിയായിട്ടില്ല.

## 1-7 തനത് വരുമാനം.

**2013-14**

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.72 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1946875 | 2317431 | 370556 | 19.03 |
| നികുതിയേതര വരവുകൾ | 630582 | 220432 | (-)410150 | (-)65.04 |
| മറ്റുവരവുകൾ | 37998956 | 41172487 | 3173531 | 8.35 |

| | | | | |
|---|---|---|---|---|
| ആകെ | 40576413 | 43710350 | 3133937 | 7.72 |

**2014-15**

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 16.17 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2317431 | 3385507 | 1068076 | 31.54 |
| നികുതിയേതര വരവുകൾ | 220432 | 378791 | 158359 | 41.81 |
| മറ്റുവരവുകൾ | 41172487 | 48379119 | 7206632 | 14.89 |
| ആകെ | 43710350 | 52143417 | 8433067 | 16.17 |

## 1-8 ക്ഷേമപദ്ധതികൾ

2013-14

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46560 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 819750 | 184 |
| വിധവാപെൻഷൻ | 3130461 | 451 |
| വാർദ്ധക്യകാലപെൻഷൻ | 1871287 | 293 |
| വികലാംഗപെൻഷൻ | 1306603 | 191 |
| അഗതി പെൻഷൻ | 117611 | 18 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

2014-15

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 93360 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 1290525 | 177 |
| വിധവാപെൻഷൻ | 3590546 | 498 |
| വാർദ്ധക്യകാലപെൻഷൻ | 4255867 | 694 |
| വികലാംഗപെൻഷൻ | 1860530 | 186 |
| അഗതി പെൻഷൻ | 132195 | 29 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.2.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37798രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്..രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകളിലൂടെ വിഭജിച്ച് നൽകുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതി നിർവഹണത്തിന്റെ സുതാര്യതയ്ക്ക് ഭംഗം വരുത്തുന്ന ചില നടപടികൾ ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോറം തികയാതെ ഗ്രാമസഭകൾ ചേരുകയും പ്രോക്യൂർമെന്റ് കമ്മിറ്റി ചേരാതെ വാങ്ങൽ നടത്തുകയും ചെയ്തത് സർക്കാർ മാർഗരേഖകൾക്ക് വിരുദ്ധമാണ്. പ്രസ്തുത പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/2015 | 01.04.2014 മുതൽ31.3.2015 | ലഭിച്ചിട്ടില്ല |

| | | വരെ | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4,5/2006 | 1997-98 മുതൽ2005-06 വരെ | 12.6.2006 |

## 1-12 തനതു ഫണ്ട് ചെലവുകൾ

- പരിമിതമായ വരുമാനസ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായിട്ടുള്ളത്. റവന്യു ചെലവുകളിൽ വരുന്ന വർദ്ധനവിന് ആനുപാതികമായി വരവ് വർദ്ധിക്കാത്തതിനാൽ റവന്യു കമ്മി പരിഹരിക്കുന്നതിന് മുൻവർഷം സർക്കാരിൽനിന്ന് ഗ്യാപ് ഫണ്ട് സ്വീകരിക്കേണ്ട സാഹചര്യം സംജാതമായി.
- ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ, തുടങ്ങിയവയാണ് പ്രധാന റവന്യു ചെലവിനങ്ങൾ.
- വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്ന രജിസ്റ്റർ കാലികമാക്കിയിട്ടില്ല .
- ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്.
- വൗച്ചറുകൾ മാസക്രമത്തിൽ ഭംഗിയായി സൂക്ഷിച്ചിട്ടുണ്ട്.
- തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ പുതുക്കിയ വസ്തു നികുതി നിർണ്ണയത്തിൽ അപാകതകൾ

14-01-2011 ലെ സ.ഉ.(അ) നം 19/11/ത.സ്വ.ഭ.വ. പ്രകാരമുള്ള വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം16.12.2011 ലെ 2ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. ഇതു പ്രകാരം മൊബൈൽ ടെലഫോൺ ടവറുകളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 500 രൂപ /ചതുരശ്ര മീറ്റർ ആണ്. നിലവിൽ പഞ്ചായത്തിൽ വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള ഫോം 6 എൻട്രി നടപടികൾ അന്തിമ ഘട്ടത്തിലാണ്. പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി പുതുക്കി ഫോം 6 എൻട്രി പ്രകാരമുള്ള ഡിമാന്റ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പുതിയ കെട്ടിട നം | ടവറിന്റെ വിവരം | നിലവിലുള്ള നികുതി | ഫോം 6പ്രകാരം രേഖപ്പെടുത്തിയ തറ വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനയ്ക്ക് ശേഷമുള്ള അടിസ്ഥാന വാർഷിക വസ്തു നികുതി നിർണ്ണയിച്ചത് |
|---|---|---|---|---|---|---|
| 1 | 9/257-A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി | 0 (പുതിയ ടവർ) | 14.23 | 7115 | 5692 |
| 2 | 11/205 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി | 1296 | 10 | 5000 | 6000 |
| 3 | 1/88 | ഐഡിയ മൊബൈൽ കമ്യൂണിക്കേഷൻ ലിമിറ്റഡ്, കൊച്ചി | 1296 | 10 | 5000 | 4500 |
| 4 | 4/294 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി | 1296 | 10 | 5000 | 4000 |
| 5 | 14/34 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കൊച്ചി | 864 | 10 | 5000 | 6000 |
| 6 | 9/50 | റിലയൻസ് കമ്യൂണിക്കേഷൻ ലിമിറ്റഡ്, കൊച്ചി | 432 | 12.25 | 6125 | 7350 |
| 7 | 4/42 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കൊച്ചി | 432 | 10 | 5000 | 6000 |
| 8 | 3/423 | ഭാരതി ഇൻഫ്രാടെൽ | 1296 | 15 | 7500 | 6750 |

| | | | | | | |
|---|---|---|---|---|---|---|
| | | ലിമിറ്റഡ്, കൊച്ചി | | | | |
| 9 | 16/426 | ബി.എസ്.എൻ.എൽ, കോട്ടയം | 0 | 10 | 5000 | 6000 |

എന്നാൽ യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണത്തിന് ക്രമ നം 1, 2, 3 എന്നീ ടവറുകൾക്ക് പെർമിറ്റ് ലഭിക്കുവാൻ പഞ്ചായത്തിൽ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ടവർ | പ്ലാൻ പ്രകാരം ടവറിന്റെയും അനുബന്ധ നിർമ്മിതികളുടെയും തറ വിസ്തീർണ്ണം (ച.മീ) | | കണക്കാക്കാവുന്ന അടിസ്ഥാന വസ്തു നികുതി (500/ച.മീ) |
|---|---|---|---|---|---|
| 1 | 9/257-A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി | ടവർ | 29.72 | 21980 |
| | | | ഡി.ജി.റൂം | 3.44 | |
| | | | ഷെൽറ്റർ | 10.80 | |
| | | | ആകെ | 43.96 | |
| 2 | 11/205 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി | ടവർ | 29.72 | 21980 |
| | | | ഡി.ജി.റൂം | 3.44 | |
| | | | ഷെൽറ്റർ | 10.80 | |
| | | | ആകെ | 43.96 | |
| 3 | 1/88 | ഐഡിയ മൊബൈൽ കമ്യൂണിക്കേഷൻ ലിമിറ്റഡ്, കൊച്ചി | ടവർ | 40.32 | 39985 |
| | | | ഡി.ജി.റൂം | 2.35 | |
| | | | ഒ.ഡി.ബി.റ്റി.എസ് | 7.80 | |
| | | | ഒ.ഡി.ബി.റ്റി.എസ് | 9.11 | |
| | | | ഒ.ഡി.ബി.റ്റി.എസ് | 16.39 | |
| | | | ടോയിലറ്റ് | 4 | |
| | | | ആകെ | 79.97 | |

സർക്കാർ ഉത്തരവ് (അ) നമ്പർ 19/2011/തസ്വഭവ, തിരുവനന്തപുരം തീയതി 14.01.11 പ്രകാരം മൊബൈൽ ടവറുകളുടെ ഏറ്റവും കുറഞ്ഞ നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 400 രൂപയും ഏറ്റവും കൂടിയ നിരക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയുമായി നിർണ്ണയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെയും അനുബന്ധ നിർമ്മിതികളുടെയും മൊത്തം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വസ്തു നികുതി നിർണ്ണയിക്കേണ്ടത്. എല്ലാ ടവറുകളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹകരണത്തോടെ നേരിട്ടു പരിശോധിച്ച് കൃത്യമായ തറവിസ്തീർണ്ണം തിട്ടപ്പെടുത്തി ശരിയായ നികുതി കണക്കാക്കി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ്- നിബന്ധനകൾ പാലിക്കുന്നില്ല.

വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച 02-07-2013 ലെ ജി.ഒ.(എം.എസ്) 242/2013 ൽ ഇളവ് സംബന്ധിച്ച പ്രത്യേക രജിസ്റ്റർസൂക്ഷിക്കണമെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ലെന്ന് സാക്ഷ്യപത്രം നൽകണമെന്നും വിമുക്തഭടന്റെ ഡിസ്ചാർജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവു വിവരം രേഖപ്പെടുത്തി മുദ്ര വച്ച് നൽകണമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല. അപേക്ഷകൾ കൃത്യമായി സമർപ്പിക്കപ്പെടുന്നുവെന്നും അവ പരിശോധിച്ച് ചട്ടപ്രകാരം നികുതിയിളവ് അനുവദിക്കപ്പെടുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു രജിസ്റ്റർ ആധികാരികമായ രേഖപ്പെടുത്തലുകളോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 2-3 അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവ്

2013-14 വർഷം അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിവരം ചേർത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന് നൽകിയ നമ്പർ | ഉടമയുടെ പേര് വിലാസം | തറ വിസ്തീർണ്ണം (ച.മീ.) | രജിസ്റ്റർ പ്രകാരം ചുമത്തിയ വസ്തു നികുതി |
|---|---|---|---|---|
| 1 | I/10 B | ജയിംസു കുട്ടി, പേഴുംതോട്ടത്തിൽ, നരിയനാനി | 73.73 | 443x2=886 (രസീത് നം.11302102017886/ 8.11.13) |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 എഎ പ്രകാരം അനധികൃത കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയ / ഉപയോഗിക്കുന്ന തീയതി മുതൽ ക്രമവത്ക്കരിക്കുന്നതു വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം ആയതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവിടെ വസ്തു നികുതിയുടെ രണ്ടിരട്ടി തുക മാത്രമേ ഈടാക്കിയിട്ടുള്ളു. അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് 6 കെട്ടിടങ്ങൾ ഉൾപ്പെടെ ടി അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി

2013-14, 2014-15 വർഷങ്ങളിൽ തൊഴിൽ നികുതി സംബന്ധിച്ച ഫയലുകളും രജിസ്റ്ററും പരിശോധിച്ചതിൽ നിരവധി അപാകതകൾ കാണുന്നു. മെയിൻ ശാഖ കൂടാതെ അഞ്ച് ശാഖകൾ കൂടിയുള്ള ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് കേവലം നാല് ജീവനക്കാരുടെ ലിസ്റ്റ് മാത്രമാണ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ടി സ്ഥാപനം

വിവിധ ശാഖകളോടൊപ്പം നീതിസ്റ്റോറുകളും നടത്തുന്നുണ്ട് . എന്നാൽ ഇവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല. മെയിൻ ശാഖ കൂടാതെ രണ്ട് ശാഖകൾ കൂടിയുള്ള എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക് എട്ട് ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഒടുക്കുന്നത്. വളം വിൽപന കേന്ദ്രം, റബ്ബർ സംഭരണകേന്ദ്രം എന്നിവ നടത്തുന്നുണ്ട് എങ്കിലും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഒടുക്കുന്നില്ല. റബ്ബർ ഉത്പാദക സംഘങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവയൊന്നും തൊഴിൽ നികുതി പരിധിയിൽ വന്നിട്ടില്ല.സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം ചേർക്കേണ്ടതാണ്. ഇത് പ്രകാരം ഹൈറേഞ്ച് ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനം ലൈസൻസിനായി അപേക്ഷ സമർപ്പിച്ചപ്പോൾ സ്ഥാപനത്തിൽ 50 ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ 14 ജീവനക്കാരുടെ മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ഗ്ലെൻ റോക്ക് റബ്ബേഴ്സ് എന്ന സ്ഥാപനം ഡി &ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 90 ജീവനക്കാർ ജോലിചെയ്യുന്നുണ്ട് എന്ന് ചേർത്തിട്ടുണ്ട്. എന്നാൽ 50 ജീവനക്കാരുടെ മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്. മാത്രമല്ല ടി സ്ഥാപനത്തിൽ 400 ൽ അധികം ജീവനക്കാർ ജോലി ചെയ്യുന്നതായും, കേരളത്തിലെ തന്നെ വലിയ ടയർ/റബ്ബർ കമ്പനികളിൽ ഒന്നാണ് എന്നും പ്രാഥമിക അന്വേഷണത്തിൽ വ്യക്തമാകുന്നു. ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി യഥാർഥ വിവര ശേഖരണം നടത്തേണ്ടതും അതുവഴി നികുതി ചോർച്ച തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2013-14, 2014-15 എന്നീ വർഷങ്ങളിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരം | വർഷം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | എലിക്കുളം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2013-14& 2014-15 | രണ്ട് അർദ്ധ വർഷങ്ങളും |
| 2 | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പൈക | 2013-14& 2014-15 | രണ്ട് അർദ്ധ വർഷങ്ങളും |
| 3 | ജ്യോതി പബ്ലിക് സ്കൂൾ | 2013-14& 2014-15 | രണ്ട് അർദ്ധ വർഷങ്ങളും |
| 4 | കാഞ്ഞിരപ്പള്ളി നോർത്ത് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | 2013-14& 2014-15 | രണ്ട് അർദ്ധ വർഷങ്ങളും |
| 5 | സപ്ലൈകൊ മാവേലിസ്റ്റോർ | 2013-14 | രണ്ട് അർദ്ധ വർഷങ്ങളും |
| 6 | ഏഷ്യാറ്റിക് റബ്ബർ ഇൻഡസ്ട്രീസ് | 2013-14 | രണ്ട് അർദ്ധ വർഷങ്ങളും |
| 7 | ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക്-പ്രഭാത സായാഹ്ന ശാഖ | 2013-14& 2014-15 | രണ്ട് അർദ്ധ വർഷങ്ങളും |

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-7 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-6 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) കാഞ്ഞിരപ്പള്ളി നോർത്ത് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം

2) അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എലിക്കുളം

3) അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പൈക

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-7 വിമുക്ത ഭടനെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി

2013-14 സാമ്പത്തിക വർഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കൂരാലി ശാഖയിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയപ്പോൾ ശ്രീ സതീശൻ നായർ, അസിസ്റ്റന്റ് മാനേജർ എന്ന ജീവനക്കാരനെ എക്സ് സർവ്വീസ് ജീവനക്കാരൻ എന്ന കാരണത്താൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് & സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ജി.ഒ (ആർ.ടി)1016/72 തീയതി 1-6-72 പ്രകാരം സി.ആർ.പി.എഫ് ജവാൻമാരെ മാത്രമാണ് തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം-8 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അർദ്ധവാർഷിക വേതനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2013-14 സാമ്പത്തിക വർഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കൂരാലി ശാഖയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയപ്പോൾ ഒന്നാം അർദ്ധവർഷം ശ്രീമതി മിനു സക്കറിയാസ് (swo) എന്ന ജീവനക്കാരിയിൽ നിന്നും അർദ്ധ

വാർഷിക വേതനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ജീവനക്കാരിയുടെ അർദ്ധവാർഷിക വരുമാനം 101280 (16880x6) രൂപയാണ്. ഇത് പ്രകാരം 1000/രൂപ നികുതി ഈടാക്കേണ്ടിയിരുന്നു. എന്നാൽ 600/രൂപ മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം-8 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയതിൽ കുറവ് വന്ന 400/- രൂപ ബന്ധപ്പെട്ട ജീവനക്കാരിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഡി&ഒ ട്രേഡ് ലൈസൻസ്

2012-13ൽ 134 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്ന ഗ്രാമ പഞ്ചായത്തിൽ 2013-14 ൽ 140 സ്ഥാപനങ്ങളും 2014-15 ൽ 187 സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുവാൻ സാധിക്കുന്നില്ല. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. വിറ്റുവരവ് , മോട്ടോറിന്റെ കുതിരശക്തി എന്നിവയ്ക്ക് അനുസരിച്ച് ഫീസ് ഈടാക്കാത്തത് ഓഡിറ്റിൽ കണ്ടെത്തി അറിയിച്ചിട്ടുണ്ട്. പല അപേക്ഷകളിലും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതായി കാണുന്നില്ല. വിറ്റുവരവ് ചേർക്കുന്ന അപേക്ഷകളിൽ തന്നെ യഥാർത്ഥത്തിലുള്ള വിറ്റുവരവ് ചേർക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ നിരവധി കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട് എങ്കിലും ഇവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക് റബ്ബർ സംഭരണ കേന്ദ്രം, റബ്ബർ ഉത്പാദക സംഘങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും ലഭ്യമാകുന്ന അപേക്ഷകൾ വിശദമായ പരിശോധന നടത്തി ഈടാക്കേണ്ട നിരക്കിൽ ഫീസ് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 മോട്ടോറിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയില്ല

2013-14, 2014-15 സാമ്പത്തിക വർഷം ഡി&ഒ ലൈസൻസ് നൽകിയപ്പോൾ ചില സ്ഥാപനങ്ങളിൽ നിന്നും മോട്ടോറിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വർഷം | സ്ഥാപനത്തിന്റെ വിവരം | അപേക്ഷ പ്രകാരം എച്ച് പി | യഥാർത്ഥത്തിൽ എച്ച് പി | ഈടാക്കിയ ഫീസ് | രസീത് നമ്പർ തീയതി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 2013-14 | ജോസഫ് എം കള്ളിവയലിൽ ഗ്ലെൻ റോക്ക് റബ്ബേഴ്സ് | 1500 | 2200 | 15000 | 11202100872/ 25-2-13 | 22000/ രൂപ | 7000/ രൂപ |
| 2 | 2013-14 | ജേക്കബ് തോമസ് , ഇറോസ് മെറ്റൽസ് | 60 | 60 | - | - | 1000/ രൂപ | 1000/ രൂപ |
| 3 | 2013-14 | അമ്മിണിയമ്മാൾ പൊടിമിൽ | 40 | 40 | 200/ | 11202100859/ 22-2-13 | 400/ രൂപ | 200/ രൂപ |
| | 2013-14 | ആകെ | | | | | | 8200/ രൂപ |
| 5 | 2014-15 | ജേക്കബ് തോമസ് ഇറോസ് മെറ്റൽസ് | 60 | 60 | - | - | 1000/ രൂപ | 1000/ രൂപ |
| 6 | 2014-15 | ജോസഫ് എം കള്ളിവയലിൽ ഗ്ലെൻ റോക്ക് റബ്ബേഴ്സ് | 1200 | 2200 | 15000/ രൂപ | 70299/ 76,77- 20-2-14 | 22000/ രൂപ | 7000/ രൂപ |
| | | ആകെ | | | | | | 8000 |

ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6ന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-11 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയില്ല.

2013-14, 2014-15 വർഷങ്ങളിൽ ഡി&ഒ ലൈസൻസ് അനുവദിച്ചപ്പോൾ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഇടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | സ്ഥാപനത്തിന്റെ വിവരം | അപേക്ഷ പ്രകാരം വിറ്റുവരവ് | ഈടാക്കിയ ഫീസ് | രസീത് നമ്പർ , തീയതി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 2013-14 | ഹൈറേഞ്ച് ഫുഡ് പ്രോഡക്ട്സ് (പ്രൈ) ലിമിറ്റഡ് | 232873/ രൂപ | 1000/ രൂപ | 11202100872/ 23-2-13 | 4000/ രൂപ | 3000/ രൂപ |
| 2 | 2013-14 | വിജയകുമാർ. വിജയ് ടെക്സ്റ്റൈൽസ് | 11000/ രൂപ | 200/ രൂപ | 55222/ 13/ 6-6-13 | 300/ രൂപ | 100/ രൂപ |
| 3 | 2013-14 | ജോബി ആൻഡ്രൂസ്, റബ്ബർ വ്യാപാരം | 25000/രൂപ | 200/ രൂപ | 11302100330/ 5-6-13 | 500/ രൂപ | 300/ രൂപ |
| 4 | 2013-14 | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് | 6000/ രൂപ | 100/ രൂപ | 11302100482/ 26-6-13 | 200/രൂപ | 100/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സഹകരണ ബാങ്ക് നീതി സ്റ്റോർ | | | | | |
| 5 | 2013-14 | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് നീതി സ്റ്റോർ | 8000/ രൂപ | 100/ രൂപ | 11302100482/ 26-6-13 | 200/ രൂപ | 100/ രൂപ |
| 6 | 2013-14 | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് നീതി സ്റ്റോർ | 10000/ രൂപ | 100/ രൂപ | 11302100482/ 26-6-13 | 200/ രൂപ | 100/ രൂപ |
| 7 | 2013-14 | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് നീതി സ്റ്റോർ | 6000/ രൂപ | 100/ രൂപ | 11302100482/ 26-6-13 | 200/ രൂപ | 100/ രൂപ |
| | ആകെ | | | | | | 3800/ രൂപ |
| 9 | 2014-15 | ഹൈറേഞ്ച് ഫുഡ് പ്രോഡക്ട്സ് (പ്രൈ) ലിമിറ്റഡ് | 231718/ രൂപ | 1000/ രൂപ | 113/20-2-14 | 4000/ രൂപ | 3000/ രൂപ |
| 10 | | വിജയകുമാർ. വിജയ് ടെക്സ്റ്റൈൽസ് | 12000/ രൂപ | 100/ രൂപ | 1140210062/ 29-4-14 | 300/ രൂപ | 200/ രൂപ |
| 11 | | ജോബി ആൻഡ്രൂസ്, റബ്ബർ വ്യാപാരം | 45000/ രൂപ | 500/ രൂപ | 11402100153/ 2-5-14 | 1000/ രൂപ | 500/ രൂപ |
| 12 | | ജോസ് ജോസഫ് കാപ്പിപ്പൊടി നിർമ്മാണം | 20000/ രൂപ | 200/ രൂപ | 70340/75/ 22-9-14 | 500/ രൂപ | 300/ രൂപ |
| 13 | | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോർ | 8000/ | 100/ | 1140210706, 707/ 22-9-14 | 200/ രൂപ | 100/ രൂപ |
| 14 | | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോർ | 8000/ | 100/ | 1140210706, 707/ 22-9-14 | 200/ രൂപ | 100/ രൂപ |
| 15 | | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോർ | 10000/ | 100/ | 1140210706, 707/ 22-9-14 | 200/രൂപ | 100/ രൂപ |
| 16 | | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോർ | 8000/രൂപ | 100/ രൂപ | 1140210706, 707/ 22-9-14 | 200/ രൂപ | 100/ രൂപ |
| 17 | | സെക്രട്ടറി ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോർ | 6000/ രൂ | 100/ രൂപ | 1140210706, 707/ 22-9-14 | 200/ രൂപ | 100/ രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | | | | | 4500/ രൂപ |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-5 ന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 2-12 വനിതാ വ്യവസായ പരിശീലന കേന്ദ്രം- പൈക- മുറികളുടെ വാടക ഇനത്തിലെ വരുമാനം നാമമാത്രം

2012-13 വർഷം പൈക ടൗണിൽ വനിതാ വ്യവസായ പരിശീലന കേന്ദ്രം എന്ന പേരിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ആകെ 564429 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ മുറികളെ സംബന്ധിച്ച നിലവിലെ വിവരം ചുവടെ ചേർക്കുന്നു.

| മുറി നമ്പർ | നിലവിലെ ഉപയോഗം | നിലവിലെവാടക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1/157 | അക്ഷയ സെന്റർ | 787.50 | 2014-15ൽ രണ്ട് മുറികൾക്കും കൂടി ആകെ 1500 രൂപയായിരുന്നു. അതിൽ 5% വർദ്ധനവ് ചേർത്ത് ആകെ 1575 രൂപ. |
| 1/158 | അക്ഷയ സെന്റർ | 787.50 | |
| 1/159 | ഉപയോഗമില്ല | ഇല്ല | |
| 1/160 | അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് | വാടക രഹിതം | |
| 1/161 | അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് | വാടക രഹിതം | |
| 1/162 | കാർഷിക വികസന സമിതി | വാടക രഹിതം | |
| 1/162A | ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ CTDP പ്രോജക്ട് | വാടക രഹിതം | |
| 1/162B | ഉപയോഗമില്ല | ഇല്ല | |

നിലവിൽ വാടക ലഭിക്കുന്ന മുറികൾ ലേലം ചെയ്യാതെയാണ് നൽകിയിട്ടുള്ളത്. ആയതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വരുമാനം ഇല്ല.

പഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി നിയമാനുസൃതമായ വാടക ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 2-13 വാടക യഥാസമയം ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ പൈകയിലുള്ള വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലെ 1/157, 1/158 (പഴയ നം. V/144J, V/144K) എന്നീ മുറികളിൽ പ്രവർത്തിച്ചുവരുന്ന അക്ഷയ സെന്റർ ഉടമ ജിൻസി വർഗീസിൽ നിന്നും 2014 ഏപ്രിൽ മാസം മുതൽ ഒരു മുറിക്ക് 1000 രൂപ നിരക്കിൽ രണ്ട് മുറികൾക്ക് പ്രതിമാസം വാടകയായി 2000 രൂപ ഒരു വർഷത്തേക്ക് നിശ്ചയിച്ച് 28-02-14 ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു. (തീരുമാനം നം. VI/(2)). എന്നാൽ ഇത് സംബന്ധിച്ച് വാടകക്കാരനുമായി കരാർ ചമച്ചിരുന്നില്ല. ഇൗ മുറികളുടെ 3/14 മുതൽ 9/14 വരെയുള്ള വാടക കുടിശ്ശിക വരുത്തുകയും വാടക ഒടുക്കാത്തതിനാൽ 27-11-2014 ൽ വാടക ഒരു മുറിക്ക് 1000 രൂപ വച്ച് അടപ്പിക്കുന്നതിനും വാടകക്കാരനുമായി കരാർ വയ്ക്കുന്നതിനും കമ്മിറ്റി തീരുമാനം എടുക്കുകയുണ്ടായി. (തീരുമാനം നം IV(3)). വാടകക്കാരനുമായി 29-11-2014 ൽ ചമച്ച കരാറിൽ ടി വാടക നൽകാമെന്ന് ടിയാൻ സമ്മതിച്ചിട്ടുള്ളതുമാണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 2014 ഒക്ടോബർ മുതൽ 2015 മാർച്ച് വരെയുള്ള വാടക പ്രതിമാസം ഒരു മുറിക്ക് 750 രൂപ നിരക്കിൽ 1.5 % പിഴ ഉൾപ്പെടെ ആകെ 9607 രൂപ ഈടാക്കിയിട്ടുണ്ട്. (രസീത് നം 11502100261 തീയതി 18-04-15) വാടക ഈടാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

29-11-2014 ലെ കരാർ പ്രകാരം 1000 രൂപ നിരക്കിലുള്ള വാടക നൽകാമെന്നും കരാർ വ്യവസ്ഥയ്ക്ക് മുടക്കം വന്നാൽ സെക്രട്ടറിക്ക് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാമെന്നും വാടകക്കാരൻ സമ്മതിച്ചിരുന്നു. എന്നാൽ 2014 ഒക്ടോബർ മുതൽ 750 രൂപ വീതമാണ് ഒടുക്കിയിട്ടുള്ളത്. വാടകക്കാരന്റെ അപേക്ഷ പരിഗണിച്ച് മുറികളുടെ വാടക 750 രൂപ വീതമായി കുറയ്ക്കാൻ കമ്മിറ്റി തീരുമാനിച്ചത് 19.01.15 ൽ മാത്രമാണ്. ആയതിന് മുൻകാല പ്രാബല്യം നൽകിയിട്ടുമില്ല. വാടക കുറവായി ഈടാക്കിയതിനാൽ 2015 ജനുവരി വരെ ലഭിക്കേണ്ടിയിരുന്ന 2000 രൂപയുടെ വരുമാനം ഇല്ലാതായി.

പഞ്ചായത്തിന്റെ ആസ്തിയിലുള്ള മുറികൾ വർഷങ്ങളായി വാടക തരാതെ ഒരു വ്യക്തി കൈവശം വച്ചത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചയാണ്. കൂടാതെ കമ്മിറ്റി തീരുമാന യഥാസമയം നടപ്പിലാക്കാനോ വാടകക്കാരനെതിരെ നിയമനടപടികൾ സ്വീകരിക്കാനോ കഴിയാതിരുന്നത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കമ്മിറ്റി തീരുമാനിച്ച വാടക യഥാസമയം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുമാന ചോർച്ച ഉണ്ടാകാനുള്ള സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 2-14 വാടക രജിസ്റ്റർ അപൂർണ്ണം

പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന വാടക രജിസ്റ്ററിൽ വനിതാ വ്യവസായ പരിശീലന കേന്ദ്രത്തിലെ വാടക ലഭിക്കുന്ന രണ്ട് മുറികളുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. രജിസ്റ്ററിൽ ഓരോ മുറികളുടെയും നമ്പർ ക്രമത്തിൽ പ്രത്യേകം പേജുകളിൽ രേഖപ്പെടുത്തൽ നടത്തേണ്ടതാണ്. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വാടകരഹിതമായി മുറികൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച കമ്മറ്റി തീരുമാനത്തിന്റെ വിവരം ആ പേജിൽ രേഖപ്പെടുത്തേണ്ടതാണ്. മുറികൾ ഒഴിഞ്ഞു കിടക്കുന്നെങ്കിൽ ആ വിവരവും അതതു പേജിൽ രേഖപ്പെടുത്തേണ്ടതാണ്. വാടക രജിസ്റ്റർ മതിയായ വിവരങ്ങൾ ചേർത്ത് പൂർത്തീകരിക്കേണ്ടതാണ്.

### 2-15 കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം - കാലതാമസം വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 22 ൽ കെട്ടിടം കൈമാറ്റം ചെയ്യുന്ന ആളും കൈമാറിക്കിട്ടുന്ന ആളും കൈമാറ്റത്തെ സംബന്ധിച്ച നോട്ടീസ് നൽകണമെന്നും രജിസ്റ്റർ ചെയ്യുന്ന സംഗതിയിലും ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന സംഗതിയിലും കൈമാറ്റം ചെയ്തതിനു ശേഷം 3 മാസത്തിനുള്ളിൽ ആ കൈമാറ്റത്തെപ്പറ്റി സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 22 ഉപചട്ടം (5) ൽ വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് 500 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ ഈയിനത്തിൽ തുക ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച് തീരുമാനമെടുത്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഉടമസ്ഥാവകാശമില്ലാത്ത വസ്തുവിൽ ആശുപത്രി നിർമാണം.

2012-13 ൽ 127/13 നമ്പരായി ആരംഭിച്ച പ്രോജക്റ്റാണ് ഹോമിയോ ആശുപത്രി നിർമാണം.ലോകബാങ്ക് സഹായത്തിൽപെട്ട 3ലക്ഷം രൂപ വകയിരുത്തിയ പ്രോജക്റ്റ് 2013-14,14-15 വർഷങ്ങളിൽ സ്പിൽഓവറായി തുടരുകയുണ്ടായി.

ഗുണ.സമിതി മുഖേന നിർവഹിക്കപ്പെട്ട പ്രവൃത്തിയുടെ കൺവീനർ ശ്രീ.ജോയി ജോസഫ്,വാളിപ്ലാക്കൽ,കൂരാലി 23-2-13ലെ 50/2012-13 നമ്പരായി അസി.എൻജിനീയറുമായി കരാർവച്ച് പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.2012-13,13-14 വർഷങ്ങളിലായി 2,99,876/ രൂപ ചെലവ് ചെയ്ത് മണ്ണിട്ട് നികത്തൽ,ഭൂമി നിരപ്പാക്കൽ,സംരക്ഷണഭിത്തി നിർമാണം തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി പ്രവൃത്തിയുടെ ഫയൽ,എം ബുക്ക്(191/12-13) എന്നിവയിൽ നിന്ന് വ്യക്തമാകുന്നു.

ഫയലിലെ രേഖപ്പെടുത്തലനുസരിച്ച് ഹോമിയോ ഡിസ്പൻസറിക്ക് കെട്ടിടം പണിയുന്നതിനായി കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള ഇളങ്ങുളം നിർമ്മല ബാലഭവന്റെ പേരിലുള്ള ഇളങ്ങുളം വില്ലേജിലെ ബ്ലോക്കം.51 ൽപെട്ട സർവെനം.142/2 ലുള്ള സ്ഥലത്തുനിന്നും 10 സെന്റ് സ്ഥലം എലിക്കുളം ഗ്രാമപഞ്ചായത്തിന് വിട്ടുനല്കുന്നതിനായി ലാന്റ് റിലിങ്കിഷ്മെന്റ് ഫാറം നല്കിയിട്ടുള്ളതും ആയത് 18-3-13-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7 )ാം നം തീരുമാനപ്രകാരം പഞ്ചായത്തിന്റെ പേരിൽ കൂട്ടാൻ നടപടി സ്വീകരിക്കുന്നതിന് കോട്ടയം ആർ.ഡി.ഓ യ്ക്ക് അയച്ചിട്ടുണ്ട് എന്നുമാണ്.

ഓഡിറ്റിനോടനുബന്ധിച്ച് നടന്ന എക്സിറ്റ് മീറ്റിംഗിൽ നാളിതുവരെ പ്രസ്തുതസ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലായിട്ടില്ല എന്നാണ് വ്യക്തമാക്കപ്പെട്ടത്. ഇപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാകാത്ത വസ്തുവിൽ ഡിസ്പൻസറി പോലെ വലിയ സ്ഥാപനം നിർമിക്കുന്നത് തെറ്റായ നടപടിയാണ്. ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള നടപടി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും അതിന് ശേഷം തുടർപ്രോജക്റ്റിലൂടെ ആശുപത്രി നിർമാണം നടപ്പാക്കേണ്ടതുമാണ്.

വസ്തു പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കാത്ത സാഹചര്യത്തിൽ നാളിതുവരെ ചെലവ് ചെയ്ത 299876 രൂപ തടസ്സപ്പെടുത്തുന്നു.

( ബിൽ നം 7/2014- 227899/,ddനം23579/6.4.13-44956/)

### 3-2 പ്രൊക്യൂർമെന്റ് കമ്മിറ്റികൾ യോഗം ചേരാതെ വാങ്ങലുകൾ നടത്തി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ.(പി) നം.259/2010 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാങ്ങലുകൾ നിയന്ത്രിക്കുന്നതിന് വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച്, ഒരു സമിതി രൂപീകരിക്കേണ്ടതും വാങ്ങലുകൾ പ്രസ്തുത സമിതിയുടെ നേതൃത്വത്തിലും മേൽനോട്ടത്തിലുമായിരിക്കേണ്ടതുമാണ്. എന്നാൽ 2014-15 സാമ്പത്തികവർഷം പ്രസ്തുത സമിതി ഒരു യോഗം പോലും ചേരാതെയാണ് വാങ്ങൽ പ്രോജക്ടുകൾ നടപ്പാക്കിയത്.തൻവർഷം നടത്തിയ വാങ്ങലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം ,പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | എസ്023/15 മുട്ടക്കോഴി വളർത്തൽ | 448563 |

| | | |
|---|---|---|
| 2 | എസ്029/15പച്ചക്കറിത്തൈ വിതരണം | 50000 |
| 3 | എസ്031/15കാർഷിക യന്ത്രവത്ക്കരണം | 138525 |
| 4 | എസ്032/15 ടിഷ്യു കൾച്ചർ വാഴവിത്ത് വിതരണം | 65000 |
| 5 | എസ്0106/15ഫലവൃക്ഷത്തൈ വിതരണം | 66000 |
| 6 | എസ്027/15 കമ്പ്യൂട്ടറൈസേഷൻ | 25953 |
| 7 | എസ്071/15 അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ | 365069 |
| 8 | എസ്0109/15കമ്പ്യൂട്ടർ വാങ്ങലും നെറ്റ് വർക്കിംഗും | 188549 |
| 9 | എസ്127/15മൈക്രോ സോഫ്റ്റ് വിൻഡോസ് സെർവർ 2012സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങൽ | 78060 |
| 10 | എസ്020/15 യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ | 50000 |
| 11 | എസ്096/15പഠനോപകരണ വിതരണം എസ്.റ്റി | 4000 |
| ആകെ | | 14,79,719/-രൂപ |

സ്രക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തിയ നടപടി പദ്ധതി നടത്തിപ്പിലെ ഗൗരവമേറിയ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാങ്ങൽനടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 3-3(എ) ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കാത്തത്.

2013-14 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ബഡ് ജാതിതൈയും ഒട്ടുമാവിൻതൈയും വിതരണം എന്ന പദ്ധതിയിൽ(എസ്.84/13-14) വികസനഫണ്ടിൽ നിന്ന് 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എഴുവേലിൽ ഗാർഡൻസ് എന്ന സ്ഥാപനത്തിൽ നിന്ന് 550 ബഡ് ജാതിതൈകളും, 530 ഒട്ടുമാവിൻതൈകളുംവാങ്ങിയതിന്196800/ രൂപയും (ഡി.ഡി.നം.06953672/21.1.14) പരിശീലനം നടത്തിയ വകയിൽ 3200/-രൂപയും നല്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കാതെയാണ് തൈകൾ വാങ്ങിയിട്ടുള്ളത്. ഇതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. (എൻക്വയറി നം.10) ആയതിനാൽ 200000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 (ബി) പച്ചക്കറി തൈ വിതരണം- ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല.

2014-15 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി തൈ വിതരണം എന്ന പദ്ധതിയിൽ(എസ്.29/14-15) വികസനഫണ്ടിൽ നിന്ന് 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എഴുവേലിൽ ഗാർഡൻസ് എന്ന സ്ഥാപനത്തിൽ നിന്ന് പച്ചക്കറി തൈകൾ വാങ്ങിയ ഇനത്തിൽ 47500/-രൂപയും(ഡി.ഡി.നം.861902/16.3.15) പരിശീലനം നടത്തിയ വകയിൽ 2500/-രൂപയും നല്കിയിട്ടുണ്ട്.എന്നാൽ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിയ്ക്കാതെയാണ് തൈകൾ വാങ്ങിയിട്ടുള്ളത്. ആയതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-4 കമ്മീഷൻ ചെയ്ത കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറിയില്ല

ഗ്രാമപഞ്ചായത്ത് 2013-14, 14-15 വാർഷിക പദ്ധതികളിൽപ്പെടുത്തി 3 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾ മുഖേന പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.

1.4-ാം മൈൽ കുടിവെള്ള പദ്ധതി.

2.വിരുത്തി കുടിവെള്ള പദ്ധതി.

3.കുഴിയൻപ്ലാവ് കുടിവെള്ള പദ്ധതി.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.5.2009-ലെ ജി.ഒ(ആർടി)നം.1275/2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ളപദ്ധതികളുടെ പരിപാലനം സംബന്ധിച്ച മാർഗരേഖയുടെ 4-ാം ഖണ്ഡികയനുസരിച്ച്, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണച്ചുമതലകൾ ഗുണഭോക്തൃസംഘം രൂപീകരിച്ച്, കരാർ ചമച്ച് കൈമാറേണ്ടതും തദ്വാരാ തുടർന്ന് ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതകളിൽ നിന്ന് ഒഴിവാകേണ്ടതുമാണ്. എന്നാൽ പ്രസ്തുത കുടിവെള്ള പദ്ധതികൾ മേൽ പരാമർശിച്ച പ്രകാരം കൈമാറിയിട്ടില്ല. അവ അടിയന്തിരമായി ഗുണഭോക്തൃസംഘങ്ങൾക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-5 ആശ്രയ പദ്ധതി- പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അലംഭാവം

ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ അനന്തമായി നീളുന്ന സാഹചര്യമാണ് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നത്. ഒന്നാം ഘട്ടം പദ്ധതി സംബന്ധിച്ച ഫയലുകൾ വിജിലൻസ് കൈവശമായതിനാൽ ആയതു സംബന്ധിച്ച് പരിശോധനകൾ നടത്താൻ കഴിഞ്ഞിട്ടില്ല.

ഒന്നാം ഘട്ടം പദ്ധതി റീവിസിറ്റ് നടത്തിയതിനെ തുടർന്ന് 22 പേരെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടുണ്ട്. ആയതിന് 18-01-2010 ലെ 12/10/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർ സേവന പദ്ധതിയുടെ ധനകാര്യ വിശകലനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ് | വകയിരുത്തിയ തുക | യഥാർത്ഥത്തിൽ ലഭിച്ച തുക | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് | 450000 | 450000 | ഇല്ല | 450000 |
| ചലഞ്ച് ഫണ്ട് | 551300 | 551300 | 203501 | 347799 |
| ആകെ | 1001300 | 1001300 | 203501 | 797799 |

22 ഗുണഭോക്താക്കൾക്ക് വേണ്ടി വിവിധ സ്രോതസ്സുകളിൽ നിന്ന് 1001300/-രൂപ വരവു പ്രതീക്ഷിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും 2014-15 സാമ്പത്തികവർഷം വരെയും പ്രോജക്ട് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞില്ല. യഥാർത്ഥത്തിൽ ലഭിച്ച 1001300/-രൂപയിൽനിന്ന് 203501/-രൂപ മാത്രമാണ് ഇക്കാലയളവിനുള്ളിൽ ചെലവഴിച്ചത്.

ഗുണഭോക്താക്കൾക്ക് ലഭിച്ച സേവനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം | ഇതു വരെ ആനുകൂല്യം ലഭിച്ച ആളുകളുടെ എണ്ണം | ആകെ ചെലവഴിച്ച തുക |
|---|---|---|---|
| ഭക്ഷണം | 45 | 45 | 87641 |
| ആരോഗ്യരക്ഷ | 45 | 45 | 76360 |
| പെൻഷൻ | 5 | 4 | 7500 |
| സ്വയംതൊഴിൽ | 4 | 1 | 20000 |
| വിദ്യാഭ്യാസം | 8 | 6 | 12000 |
| ആകെ | | | 203501 |

ആശ്രയ പദ്ധതിക്കുവേണ്ടി അവസാനം തുക ചെലവഴിച്ചത് 25/08/14 ആണ്. അതിനു ശേഷം യാതൊരു പ്രവർത്തനവും നടന്നിട്ടില്ല എന്നത് പദ്ധതിയോട് പഞ്ചായത്ത് പുലർത്തുന്ന അവഗണനയാണ് വ്യക്തമാക്കുന്നത്. ആകെ ലഭ്യമായ തുകയിൽ 20% മാത്രമേ ചെലവഴിച്ചിട്ടുള്ളു എന്നത് ഗൗരവമായി കാണേണ്ട വസ്തുതയാണ്. ഗുണഭോക്താക്കൾക്ക് അർഹമായ രണ്ടാം ഘട്ട ആശ്രയ പദ്ധതി നടപ്പാക്കുന്നതിലും തികഞ്ഞ നിസ്സംഗതയാണ് പഞ്ചായത്ത് പുലർത്തുന്നത്. രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് ആക്ഷൻപ്ലാൻ തയ്യാറാക്കി കുടുംബശ്രീ ജില്ലാ മിഷന്റെ അംഗീകാരത്തിനായി അയച്ചത് 29.09.2015 ൽ മാത്രമാണ്. ആയതിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ ആശ്രയ പദ്ധതിയുടേതായി യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

<u>ആശ്രയ പദ്ധതിക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല.</u>

പദ്ധതിക്കുവേണ്ടി പ്രത്യേകം ബാങ്ക് അക്കൗണ്ട് നിലവിലില്ല. കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഇടപാടുകൾ നടത്തുന്ന അക്കൗണ്ടിൽ (നം. 5756550593 എസ്.ബി.റ്റി, എലിക്കുളം) കൂടിയാണ് ആശ്രയ പണമിടപാടുകൾ നടത്തി വരുന്നത്. പലിശയുൾപ്പെടെ പ്രസ്തുത അക്കൗണ്ടിൽ നിലവിൽ 847660 രൂപ നീക്കിയിരിപ്പ് ഉണ്ട്. ആയത് ആശ്രയയുടെയും കുടുംബശ്രീയുടെയും നീക്കിബാക്കി ചേർന്ന തുകയാണ്.

സാമൂഹ്യവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്യുന്ന ഇത്തരം പ്രോജക്ടുകൾ അനന്തമായി നീളുന്നത് ശരിയായ പ്രവണതയല്ല. ശേഷിക്കുന്ന സേവനപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച്, പാർശ്വവത്ക്കരിക്കപ്പെട്ട ഈ വിഭാഗത്തിന് സഹായമെത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ഗ്രാമസഭാ സംഘാടനം

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലകളാണ് ഗ്രാമസഭകൾ. വാർഷികപദ്ധതി രൂപീകരണം , നിർവഹണം, മേൽനോട്ടം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയ സുപ്രധാനമായ പല നടപടിക്രമങ്ങളും ഗ്രാമസഭകളുടെ അധികാരപരിധിയിൽ വരുന്നവയാണ്. 3 മാസത്തിലൊരിയ്ക്കലെങ്കിലും യോഗം ചേരേണ്ടതാണെങ്കിലും പരമാവധി 3 ഗ്രാമസഭകൾ മാത്രമാണ് എല്ലാ വാർഡുകളിലും ഓഡിറ്റ് വർഷങ്ങളിൽ നടന്നിട്ടുള്ളത്. മിക്ക വാർഡുകളിലും ജനങ്ങളുടെ പങ്കാളിത്തം വേണ്ടത്ര ഉണ്ടായിരുന്നെങ്കിലും ചില വാർഡുകളിൽ കോറമില്ലാതെയും യോഗങ്ങൾ നടന്നിരുന്നു. യോഗനടപടിക്രമങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധ പുലർത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്താത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)കോറമില്ലാതെ ഗ്രാമസഭകൾ യോഗം ചേർന്നു**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 3(4) വകുപ്പ് പ്രകാരം ഒരു ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ പത്തു ശതമാനം ആയിരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച ചില നിർണായക ഗ്രാമസഭകൾ ക്വാറം തികയാതെയാണ് യോഗം ചേർന്നതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | ആകെ വോട്ടർമാരുടെ | കോറം | പങ്കെടുത്തവർ | തീയതി | ഉദ്ദേശ്യം |
|---|---|---|---|---|---|---|

| | | എണ്ണം | (10%) | | | |
|---|---|---|---|---|---|---|
| 1 | VII | 1175 | 118 | 71 | 14.8.12 | 2012-13,13-14 വാർഷിക പദ്ധതി രൂപീകരണം |
| 2 | VII | 1175 | 118 | 55 | 31.1.14 | സാമൂഹ്യ-സാമ്പത്തിക സെൻസസ് പട്ടികയിലെ അപാകത പരിഹരിക്കൽ |
| 3 | XVI | 1138 | 114 | 61 | 01.2.14 | ----ടി---- |
| 4 | XIV | 1163 | 117 | 55 | 16.1.15 | 2015-16 വാർഷിക പദ്ധതി രൂപീകരണം |
| 5 | XIV | 1163 | 117 | 94 | 21.11.14 | 2014-15,15-16 വാർഷിക പദ്ധതി രൂപീകരണം |

ക്വോറമില്ലാതെ സംഘടിപ്പിച്ച ഗ്രാമസഭകളിൽ സ്വീകരിച്ച തീരുമാനങ്ങൾ സ്വാഭാവികമായും നിയമവിരുദ്ധമാണ്. ഇത്തരത്തിൽ പദ്ധതി രൂപീകരണവും ഗുണഭോക്തൃതെരഞ്ഞെടുപ്പുകളും നടത്തുന്ന നടപടി വികേന്ദ്രീകൃതാസൂത്രണതത്വത്തിന്റെ പ്രസക്തി തന്നെ ഇല്ലാതാക്കുന്നതാണ്. ആകയാൽ വേണ്ടത്ര പ്രചാരണം നൽകി പരമാവധി ജനപങ്കാളിത്തത്തോടെ പദ്ധതി പ്രവർത്തനങ്ങൾ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ബി) യോഗതീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചില്ല**

രണ്ടു വാർഡുകളിൽ 2014 ജനുവരി മാസം ചേർന്ന ഗ്രാമസഭകളുടെ തീരുമാനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം | ഗ്രാമസഭ ചേർന്ന തീയതി | ഉദ്ദേശ്യം |
|---|---|---|---|
| 1 | VIII | 15.01.2015 | 2015-16 വാർഷികപദ്ധതി രൂപീകരണം |
| 2 | XIV | 16.01.2015 | 2015-16 വാർഷികപദ്ധതി രൂപീകരണം |

**സി)പ്രത്യേക ഗ്രാമസഭാ/ഊരുകൂട്ട തീരുമാനങ്ങൾ വാർഷിക പദ്ധതി രൂപീകരണത്തിൽ പരിഗണിക്കുന്നില്ല**

വാർഷികപദ്ധതി അംഗീകാരത്തിനുള്ള മുന്നുപാധി എന്ന നിലയിൽ ഊരുകൂട്ടങ്ങളും ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുവേണ്ടി പ്രത്യേക ഗ്രാമസഭകളും ചേരുന്നുണ്ടെങ്കിലും പ്രസ്തുത യോഗങ്ങളിൽ സ്വീകരിക്കുന്ന തീരുമാനങ്ങൾ വാർഷികപദ്ധതിയുടെ ഭാഗമാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഊരുകൂട്ടങ്ങൾ ചേർന്ന തീയതികൾ : 09.08.2012(2012-13,13-14 വാർഷിക പദ്ധതി രൂപീകരണം)

ആകെ ഹാജർ : 09

നിർദ്ദശിക്കപ്പെട്ട പ്രോജക്കുകൾ ; 1) വീട് മെയ്റ്റനൻസ്

2)കുഴൽക്കിണർ നിർമാണം

3)സ്ഥലം വാങ്ങൽ

4)പഠനോപകരണം

5)സംരക്ഷണഭിത്തിനിർമാണം

6)കിണർ മെയ്റ്റനൻസ്

ക്രമനം 3,4,6 എന്നിവ മാത്രമാണ് വാർഷിക പദ്ധതിയുടെ ഭാഗമായത്. ഇതിൽത്തന്നെ പഠനോപകരണം വിതരണം ചെയ്യുന്ന പ്രോജക്ട് നടപ്പാക്കിയില്ല.

ഊരുകൂട്ടങ്ങൾ ചേർന്ന തീയതികൾ : 13.12.2013(2014-15,15-16വാർഷിക പദ്ധതി രൂപീകരണം)

ആകെ ഹാജർ : 09

<u>നിർദ്ദശിക്കപ്പെട്ട പ്രോജക്കുകൾ ;</u>
1) വീട് മെയ്റ്റനൻസ്

2)സ്ഥലം വാങ്ങൽ

3)പഠനോപകരണം

4)കിണർ മെയ്റ്റനൻസ്

ക്രമനം 1,3 എന്നിവ മാത്രമാണ് വാർഷിക പദ്ധതിയുടെ ഭാഗമായത്. നാമമാത്രമായ തുക മാത്രമാണ് ഈ വിഭാഗത്തിനുവേണ്ടി തൻവർഷം ചെലവഴിച്ചത്.

**ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യേക ഗ്രാമസഭകൾ**

പ്രത്യേക ഗ്രാമസഭ ചേർന്ന തീയതികൾ : 10.08.2012(2012-13,

13-14വാർഷിക പദ്ധതി

രൂപീകരണം

ആകെ ഹാജർ : 84

16 പ്രോജക്ട് നിർദ്ദേശങ്ങളാണ് ഗ്രാമസഭയിൽ ഉയർന്നുവന്നത്. എന്നാൽ ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഏക പ്രോജക്ട് മാത്രമാണ് 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

പ്രത്യേക ഗ്രാമസഭ ചേർന്ന തീയതികൾ : 21.12.2013(2014-15,15-16വാർഷിക പദ്ധതി രൂപീകരണം)

ആകെ ഹാജർ : 46

09 പ്രോജക്ട് നിർദ്ദേശങ്ങളാണ് ഗ്രാമസഭയിൽ ഉയർന്നുവന്നത്. എന്നാൽ ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഏക പ്രോജക്ട് മാത്രമാണ് 2014-15 വാർഷിക പദ്ധതിയിൽ നടപ്പാക്കിയത്.

ഗ്രാമസഭാ നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ ഉൾപ്പെടെയുള്ള പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററിൽ ചേർക്കുക, യഥാസമയം പരിശോധനയ്ക്കായി അന്വേഷണ ഉദ്യോഗസ്ഥരെ ഏല്പിക്കുക, കമ്മിറ്റിക്കു സമർപ്പിക്കുക എന്നീ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

സാമൂഹ്യസുരക്ഷാപെൻഷൻ അപേക്ഷകൾ, ലഭിക്കുന്ന മാസം തന്നെ, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.06.14 ലെ III(4) നമ്പർ തീരുമാനം. എന്നാൽ പ്രസ്തുത തീരുമാനം ഇനിയും നടപ്പിലാക്കിയിട്ടില്ല എന്നാണ് ചുവടെ ചേർക്കുന്ന സ്ഥിതിവിവരക്കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്.

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | പെൻഷന്റെ പേര് | നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ലഭിച്ച പുതിയ അപേക്ഷകളുടെ എണ്ണം | ഒരു വർഷത്തിനിടയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാത്തവയുടെ എണ്ണം | തീർപ്പാക്കാത്തവയിൽ 6 മാസം മുൻപ് ലഭിച്ച അപേക്ഷകളുടെ എണ്ണം | കുറിപ്പ്(രണ്ടും മൂന്നും വർഷമായി തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|---|---|
| എലിക്കുളം ഗ്രാമപഞ്ചായത്ത് | കർഷകതൊഴിലാളി പെൻഷൻ | 175 | 7 | 4 | 1 | 0 |
| | വിധവ പെൻഷൻ | 536 | 64 | 24 | 2 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 971 | 443 | 112 | 13 | 0 |
| | വികലാംഗ പെൻഷൻ | 208 | 25 | 20 | 0 | 0 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 35 | 4 | 2 | 0 | 0 |

കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകൾ 7 എണ്ണം ലഭിച്ചതിൽ 4 എണ്ണം തീർപ്പാക്കാൻ അവശേഷിക്കുന്നു. ഇതിൽ ഒരെണ്ണം 6 മാസം മുൻപ് ലഭിച്ചതാണ്. വിധവാ പെൻഷൻ അപേക്ഷകൾ 64 എണ്ണത്തിൽ 24 എണ്ണം ഇനിയും തീർപ്പാക്കിയിട്ടില്ല. ഇതിൽ 2എണ്ണം അപേക്ഷ ലഭിച്ച് 6 മാസം കഴിഞ്ഞതാണ്. ഏറ്റവും കൂടുതൽ അപേക്ഷകരുള്ളത് വാർദ്ധക്യകാല പെൻഷനാണ്. 443 അപേക്ഷകൾ ലഭിച്ചതിൽ 112 എണ്ണം തീർപ്പാക്കാൻ അവശേഷിക്കുന്നു. അവയിൽ 13 എണ്ണം 6 മാസം കഴിഞ്ഞ അപേക്ഷയുമാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് മാസം തന്നെ അന്വേഷണഉദ്യോഗസ്ഥർക്ക് കൈമാറാത്തതാണ് അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് താമസം വരുന്നതിനുള്ള ഒരു കാരണം.

ഗ്രാമപഞ്ചായത്തിലെ പെൻഷൻ സെക്ഷൻ ഉദ്യോഗസ്ഥൻ അപേക്ഷകൾ കയ്യിൽവയ്ക്കുകയും പല മാസങ്ങളിലായി ലഭ്യമായ അപേക്ഷകൾ ഒരുമിച്ച് അന്വേഷണത്തിന് നൽകുകയും ചെയ്യുന്നു. അന്വേഷണ ഉദ്യോഗസ്ഥരായ വി.ഇ.ഒ., കൃഷി ഓഫീസർ എന്നിവർ ജോലിത്തിരക്കിനിടയിൽ അപേക്ഷകളിന്മേലുള്ള നടപടി താമസിപ്പിക്കുകയും കാലതാമസം വരുകയും ചെയ്യുന്നു.കൂടാതെ പല അപേക്ഷകളിലും വരുമാന സർട്ടിഫിക്കറ്റ് പോലെയുള്ള അവശ്യരേഖകൾ ഉൾപ്പെടുത്താതെയും വരുന്നു. ഇപ്രകാരമുള്ള കാരണങ്ങളാണ് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുത്തുന്നത്.

ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് വർഷങ്ങളിലെ നിർവഹണം സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ചുവടെ സമാഹരിക്കുന്നു.

| 2013-14 | 2014-15 |
|---|---|
| • 2074പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്.<br>• ഇവരിൽ 912 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു.<br>• 32390 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് 88.87ലക്ഷം രൂപഅടങ്കലുള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.<br>• സാങ്കേതികാനുമതി ലഭിച്ച എല്ലാ പ്രോജക്ടുകളും(61 എണ്ണം) തൻവർഷം നടപ്പാക്കി.<br>• ഇവയിലൂടെ 32296തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.<br>• 46 കുടുംബങ്ങൾക്ക് തൻവർഷം 100തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു. 381കുടുംബങ്ങൾക്ക് അൻപതിൽത്താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് പ്രദാനം ചെയ്യാൻ കഴിഞ്ഞത്.<br>• നീർത്തടാധിഷ്ഠിത പ്രോജക്ടുകളാണ് പ്രധാനമായും തൻവർഷം ഏറ്റെടുത്തത്. | • 2263പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്<br>• ഇവരിൽ 862 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു.<br>• 30096 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് 90.28ലക്ഷം രൂപഅടങ്കലുള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.<br>• സാങ്കേതികാനുമതി ലഭിച്ച എല്ലാ പ്രോജക്ടുകളും(59 എണ്ണം) തൻവർഷം നടപ്പാക്കി.<br>• ഇവയിലൂടെ 31422തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.<br>• 45കുടുംബങ്ങൾക്ക് തൻവർഷം 100തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു. 312 കുടുംബങ്ങൾക്ക് അൻപതിൽത്താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് പ്രദാനം ചെയ്യാൻ കഴിഞ്ഞത്.<br>• നീർത്തടാധിഷ്ഠിത പദ്ധതി, ഐ.എ.വൈ ഗുണഭോക്താക്കളുടെ ഭവനനിർമാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.<br>• രേഖകളും കണക്കുകളും തൃപ്തികരമായി പരിപാലിച്ചിട്ടുണ്ടെങ്കിലും അവ അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

പ്രസ്തുത വർഷങ്ങളിലെ വരവു-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 115206 | 25911 |
| വരവ് | 3794790 | 10373195 |
| ആകെ | 3909996 | 10399106 |
| ചെലവ് | 3884085 | 10399106 |
| നീക്കിയിരിപ്പ് | 25911 | 00 |

ചെലവിന്റെ വിശദാംശങ്ങൾ

| ചെലവിനം | 2013-14 | 2014-15 |
|---|---|---|
| വേതനം | 3520260 | 8902198 |
| സാധനസാമഗ്രികൾ | 82295 | 1141228 |
| എസ്റ്റാബ്ലിഷ്മെന്റ് | 276530 | 343680 |
| ഇതരയിനങ്ങൾ | 5000 | 12000 |
| ആകെ | 3884085 | 10399106 |

## 3-9 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ടുകൾ

ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്കുള്ള പുനരധിവാസത്തിനും അവരുടെ സർവതോന്മുഖമായ വികസനത്തിനും സംസ്ഥാനസർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ട്. പ്രസ്തുത പാക്കേജിന്റെ പ്രയോജനം പാർശ്വവൽക്കരിക്കപ്പെട്ട പ്രസ്തുത ജനവിഭാഗത്തിലേക്ക് നേരിട്ട് എത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് മുഖ്യമാധ്യമമാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളിൽ ഇതു സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെടുന്ന പൊതു വിഭാഗം വികസന ഫണ്ടിന്റെ 5 ശതമാനം വൃദ്ധർ ,ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്കുള്ള പ്രോജക്ടുകൾക്കായി നിർബന്ധമായും മാറ്റി വയ്ക്കേണ്ടതാണ്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ 20 സംവത്സരങ്ങൾ പൂർത്തിയാകുന്ന ഈ സന്ദർഭത്തിൽ,

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി നിർവഹണത്തിലൂടെ, പ്രത്യേക പരിഗണന അർഹിക്കുന്ന പ്രസ്തുത ജനവിഭാഗത്തിന് സാമൂഹ്യ നീതി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന വിലയിരുത്തൽ നടത്തുന്നതിനാണ് ഈ അവലോകനത്തിലൂടെ ലക്ഷ്യമിടുന്നത്. എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2012-13, 13-14, 14-15 വാർഷികപദ്ധതി പ്രവർത്തനങ്ങളാണ് ഇതിന് ആധാരമാക്കിയിട്ടുള്ളത്,

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ 18.8.2012-ലെ ജി.ഒ.(എം.എസ്)നം.225/2012പ്രകാരവും 2014-15-ൽ 16.11.2013-ലെ ജി.ഒ.(എം.എസ്)നം.362/2013 പ്രകാരവുമാണ് വാർഷികപദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്. പദ്ധതി രൂപീകരണത്തിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ ഈ ജനവിഭാഗത്തിന്റെ സമഗ്രമായ വിവരശേഖരണം അനിവാര്യമായിരുന്നു. എന്നാൽ ഇവരുടെ യഥാർത്ഥ അംഗസംഖ്യ(സ്ത്രീകൾ/പുരുഷന്മാർ), വൈകല്യത്തിന്റെ തോത് എന്നീ വിവരങ്ങൾ ക്രോഡീകരിച്ചില്ല. നടപ്പു സാമ്പത്തിക വർഷമാണ് ഇത്തരമൊരു ശ്രമം ആരംഭിച്ചിട്ടുള്ളത്. വിവരശേഖരണം കഴിഞ്ഞുവെങ്കിലും അവ ക്രോഡികരിച്ച് ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിയുള്ള ജനവിഭാഗത്തിന്റെ അംഗസംഖ്യയും അനുബന്ധവിവരങ്ങളുമടങ്ങിയ പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടി പുരോഗമിക്കുന്നതേയുള്ളു. 2012-13, 13-14 വാർഷിക പദ്ധതികളുടെ രൂപീകരണത്തിന്റെ ഭാഗമായി ഇവർക്കുവേണ്ടിയുള്ള പ്രത്യേക ഗ്രാമസഭ 10.8..2012-ൽ നടത്തി. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ഹാജരൊഴികെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഭിന്നശേഷിയുള്ള ആളുകൾക്കുള്ള ഗ്രാമസഭയിൽ 84പേരുടെ ഹാജർ വിവരവും മിനിട്ട്സും രേഖപ്പടുത്തി സൂക്ഷിച്ചിട്ടുണ്ട്.ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രോജക്റ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1 ആശ്രയ പദ്ധതി

2.ഭവനപദ്ധതി

3.സ്വയം തൊഴിൽ പദ്ധതി

4.പഠനോപകരങ്ങൾ

5.സാമ്പത്തിക സഹായം

6.ക്ഷേമ പദ്ധതികൾ

7.ആശ്വാസ കിരൺ പദ്ധതി

8.മാനസിക വൈകല്യമുള്ളവർക്ക് പുനരധിവാസപദ്ധതി

9.മുച്ചക്രവാഹനം.

10.തൊഴിൽ പരിശീലനം

11.ദൃശ്യ-ശ്രാവ്യവൈകല്യമുള്ളവ്രക്ക് ഉപകരണങ്ങൾ

12.സ്കോളർഷിപ്പ്

13.പഞ്ചായത്തിൽ ബഡ്സ്കൂൾ,സ്പെഷ്യൽ സ്കൂൾ എന്നിവ തുടങ്ങുക

14.വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ഡേ കെയർ സെന്റർ എന്നിവ തുടങ്ങുക

15.മെഡിക്കൽ ക്യാമ്പ് നടത്തുക

16.പഠന-പരിശീലനത്തിന് പോകാത്തവർക്ക് പ്രതിമാസ ധനസഹായം നൽകുക.

2014-15, 15-16വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്ന പ്രത്യേക ഗ്രാമസഭയുടെയും പ്രോജക്റ്റ് നിർദ്ദേശങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമസഭാ തീയതി :21.12.2013

ഹാജർ : 46

പ്രോജക്റ്റ് നിർദ്ദേശങ്ങൾ

1.തൊഴിൽ പരിശീലനം

2.സ്കോളർ ഷിപ്പ്

3.തൊഴിൽ സംരംഭം നടത്തുന്നതിന് ബാങ്ക് ലോൺ

4.വികലാംഗ സർവേ നടത്തുക

5.വികലാംഗ അദാലത്ത് നടത്തുക

6.ആശ്രയ പദ്ധതി

7.വികലാംഗർക്ക് ബങ്ക് നിർമാണം

8.സുരക്ഷാ മിഷൻ പദ്ധതിക്ക് തുക നൽകുക

മേൽ പ്രസ്താവിച്ച രീതിയിൽ വൈവിധ്യമേറിയ പ്രോജക്റ്റ് നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ അംഗങ്ങൾ മുന്നോട്ടു വെച്ചത്. എന്നാൽ 2012-13 വർഷമൊഴികെ ശാരീരിക-മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്റ്റ് മാത്രമാണ് ഈ വിഭാഗത്തിനുവേണ്ടി മറ്റു രണ്ടു വർഷങ്ങളിലും ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. 2012-13-ൽ ടി പ്രോജക്റ്റിനൊപ്പം "വികലാംഗർക്ക് ഉപകരണനിർണയവും വിതരണവും " എന്ന പ്രോജക്റ്റ് മാത്രമാണ് ഇതിനൊരപവാദം. ഈ രണ്ടു പ്രോജക്റ്റുകൾക്കും വേണ്ടി മാത്രമാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പട്ടികയിൽ അർഹരായ എല്ലാ വ്യക്തികളും ഉൾപ്പെട്ടിട്ടുണ്ടോയെന്ന കാര്യവും

വ്യക്തമല്ല. ഗ്രാമസഭയിൽ ആവശ്യപ്പെട്ട പ്രധാന പ്രോജക്ടുകളൊന്നും വാർഷികപദ്ധതിയുടെ ഭാഗമായില്ലായെന്ന വസ്തുത ഏറെ ദൗർഭാഗ്യകരമാണ്.

ഭിന്നശേഷിയുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അവർക്കാവശ്യമുള്ള പ്രോജക്ടുകൾ അവർ തന്നെ വിഭാവനം ചെയ്യുന്നുവെന്ന ഉദാത്തമായ ലക്ഷ്യം മുൻനിർത്തിയാണ് ഇവർക്കു വേണ്ടി പ്രത്യേക ഗ്രാമസഭകൾ ചേരാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ ഇവരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനു പകരം ഗ്രാമസഭകൾ വാർഷിക പദ്ധതി പാസ്സാക്കുന്നതിനുള്ള യോഗം മാത്രമായി പരിമിതപ്പെടുന്നത് ഈ സമൂഹത്തോടു ചെയ്യുന്ന ഏറ്റവും വലിയ നീതികേടാണ്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ട് പോലും സർക്കാർ വിഭാവനം ചെയ്ത രീതിയിൽ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സർവതോന്മുഖമായ വികസനത്തിനുതകും വിധം ധനസഹായം നൽകാൻ പര്യാപ്തമായ രീതിയിൽ തുക വകയിരുത്തിയവയായിരുന്നില്ല. സകോളർഷിപ്പ് തുക മാത്രമാണ് ഓരോ കുട്ടിയ്ക്കും അനുവദിച്ചത്. അതു തന്നെ, വകയിരുത്തിയ തുകയുടെ പരിമിതി മൂലം, 6 മാസത്തേക്ക് സർക്കാർ നിശ്ചയിച്ച തുകയിലും കുറഞ്ഞ നിരക്കിലാണ് അനുവദിച്ചത്. ഇതര തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സാമ്പത്തിക സഹായം പ്രസ്തുത പ്രോജക്ടിനു ലഭിച്ചുവെങ്കിലും ടി തുകയും പ്രോജക്ട് നടത്തിപ്പിന് തികഞ്ഞില്ല. ഗ്രാമസഭയിൽ പേരു നിർദ്ദേശിക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തിയാണ് ഗുണഭോക്തൃപട്ടിക തയ്യാറാക്കിയതെന്ന് നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരിച്ചു. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് മാത്രമാണ് പ്രോജക്ടിന്റെ ആനുകൂല്യം ലഭിച്ചത്. സ്കൂൾ അധികൃരുടെ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത്. ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചിട്ടില്ലാത്തതിനാൽ സ്കൂളിൽ പോകാത്തവരും ഗ്രാമസഭയിൽ തത്സമയം പങ്കെടുക്കാൻ കഴിയാതിരുന്നവരുമായ ചില ഗുണഭോക്താക്കൾക്കെങ്കിലും പ്രോജക്ടിന്റെ ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടാകാമെന്ന വസ്തുതയും നിലനിൽക്കുന്നു. ഇത്തരത്തിൽ ഏതാനും ചില കുട്ടികൾക്ക് നാമമാത്രമായ തുക അനുവദിക്കുകവഴി സർക്കാർ വിഭാവനം ചെയ്ത യഥാർത്ഥ ലക്ഷ്യം തമസ്ക്കരിക്കപ്പെടുകയാണുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2012-13-ൽ നടപ്പാക്കിയ ഉപകരണവിതരണപ്രോജക്ടിലൂടെ 10 ഗുണഭോക്താക്കൾക്കുമാത്രമാണ് സഹായമെത്തിക്കാൻ കഴിഞ്ഞത്. ഇത്തരത്തിൽ, പ്രോജക്ടുകൾ നടപ്പാക്കിയതു വഴി വ്യക്തികൾക്ക് അർഹമായ തോതിൽ സഹായമെത്തിക്കാൻ കഴിഞ്ഞില്ലായെന്നത് നിസ്സാർക്കമായ വസ്തുതയാണ്.

അവലോകന വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭിന്നശേഷിയുള്ളവർക്കുവേണ്ടി നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2012-13

| 1)എസ്112/13, ശാരീരിക-മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | | ആകെ ഗുണഭോക്താക്കൾ | പ്രസ്തുത വിഭാഗത്തിനുവേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|
| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | 33 | 0.88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 100000 | 100000 | | |

| 2)എസ്113/13,വികലാംഗർക്ക് ഉപകരണനിർണയവും വിതരണവും | | | ആകെ ഗുണഭോക്താക്കൾ | പ്രസ്തുത വിഭാഗത്തിനുവേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|
| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | 10 | 0.88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 100000 | 61898 | | |

2013-14

| എസ്020/14, ശാരീരിക-മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | | ആകെ ഗുണഭോക്താക്കൾ | പ്രസ്തുത വിഭാഗത്തിനുവേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|
| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | 36 | 0.86 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 200000 | 200000 | | |

2014-15

| 1)എസ്033/15,ശാരീരിക-മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് | ആകെ ഗുണഭോക്താക്കൾ | പ്രസ്തുത വിഭാഗത്തിനുവേണ്ടി വികസനഫണ്ടിൽ നിന്നും |
|---|---|---|

| സ്കോളർഷിപ്പ് | | | | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|
| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | 42 | 0.84 |
| വികസന ഫണ്ട് | 200000 | 200000 | | |

ഭിന്നശേഷിയുള്ളവരുടെ ആവശ്യങ്ങൾ മുന്നിൽക്കണ്ട് അവരുടെ പങ്കാളിത്തത്തോടെ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുപകരം പേരിനു മാത്രം ഒരു പ്രോജക്ട് നടപ്പാക്കി കടമകൾ അവസാനിപ്പിക്കുന്ന നടപടി അധികാരവികേന്ദ്രീകരണ തത്ത്വത്തിന്റെ അർത്ഥം തന്നെ ഇല്ലാതാക്കുന്നതാണ്. പാർശ്വവത്ക്കരിക്കപ്പെട്ടും പലപ്പോഴും കുടുംബാംഗങ്ങളാൽ തിരസ്ക്കരിക്കപ്പെട്ടും ദുരിതജീവിതം നയിക്കുന്ന അത്തരം ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ധാർമികമായ ബാധ്യതയുണ്ട്. ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുന്നതിലും അവ സർക്കാർ വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിലും മുൻവർഷങ്ങളിൽ സംഭവിച്ച പാളിച്ചകൾ പരിഹരിച്ച് പ്രസ്തുത കടമ നിറവേറ്റാൻ ആത്മാർത്ഥമായ ശ്രമം അധികൃതരിൽ നിന്ന് ഉണ്ടാവേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സവിശേഷശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ- ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന വായ്പ 2013-14 | സ.ഉ.(സാധാ)നം.1301/10 തസ്വഭവ തീ.13.04.10 | 10500000/ | 7350000/ | 1250000/ | - | 6100000/ |
| 2014-15 | ” | ” | 6100000/ | 850000/ | | 5250000/ |

4-5 സ്ഥിരനിക്ഷേപങ്ങൾ -

അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പൈകയിൽ 720-ാം നമ്പർ അക്കൗണ്ടിൽ 1 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം (ദുരിതാശ്വാസ നിധി) ഉണ്ട്.

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 2011-12 | 3-3(സി) | 945 | കൺവീനർ, കാപ്പുകയം ജലസേചന പദ്ധതി | 1208827/5-7-15 |
| 2010-11 2011-12 | 3-5 | 1698 | കൃഷി ഓഫീസർ | ചെലാൻ നം-11698/9-9-13 |
| 2010-11 2011-12 | 3-3 ബി | 749 | അസിസ്റ്റന്റ് എൻജിനീയർ | 11402103709/9-2-15 |
| 2000-01 | 3 | 150 | പി.എൻ.പ്രദീപ്കുമാർ | 11402100257/15-5-14 |
| 2000-01 | 4 | 120 | റസീന, പോസ്റ്റ് ഓഫീസ് കൂരാലി | 11402100247/14-5-14 |
| 2000-01 | 8(ഖ) | 160 | അസിസ്റ്റന്റ് എൻജിനീയർ | 11402100355/24-5-14 |
| 2000-01 | 6(ക) | 32 | നളിനി കുമാരൻ | 11402100251/15-5-14 |
| 2000-01 | 6(ക) | 32 | ആന്റണി തോമസ് | 11402100252/15-5-14 |
| 2000-01 | 6(ക) | 32 | ദാമോദരൻ നായർ | 11402100253/15-5-14 |

| | | | | |
|---|---|---|---|---|
| 1997-98 വരവ് | 2-1 | 46 | കെ.ജി. ശശികുമാർ | 11402100241/14-5-14 |
| 1997-98 വരവ് | 2-1 | 55 | ജോയി പുൽപ്പള്ളിൽ | 11402100242/14-5-14 |
| 1997-98 വരവ് | 2-1 | 46 | ബാലചന്ദ്രൻ ചെട്ടിയാർ | 11402100244/14-5-14 |
| 1997-98 വരവ് | 2-2 | 2500 | എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക് | 11402100249/15-5-14 |
| 1997-98 വരവ് | 2-2 | 2500 | കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 11402100068/21-4-14 |
| 2000-01, 2001-02 | 4-2 | 53 | രാമചന്ദ്രൻ നായർ | 11402100428/30-5-15 |
| 1996-97 വരവ് | 3 | 46 | കെ.ജി.ശശികുമാർ | 11402100281/19-5-14 |
| 1996-97 വരവ് | 4 എ | 2500 | എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക് | 11402100249/15-5-14 |
| 1996-97 വരവ് | 4 എ | 2500 | കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 11402100068 |
| 1996-97 വരവ് | 4 ബി | 180 | ജിജി.ജി.കെ.വി.എൽ.പി.എസ് | 11402100312/21-5-14 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43710350 | 52143417 |
| ആകെ ചെലവ് | 41909441 | 44749453 |
| വരവിനങ്ങളിലുള്ള നഷ്ടം | 8600 | 8000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഒാഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 499876 | 50000 |

(ചെലവിനങ്ങളിലുള്ള നഷ്ടം വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-8 | 400 | | ശ്രീമതി ബി.എസ്.ഗീത, സെക്രട്ടറി |
| 2-10 | 8200 | | ശ്രീ.വി.ജി.ജയകുമാർ, സെക്രട്ടറി |
| | 8000 | | ശ്രീമതി ബി.എസ്.ഗീത, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|
| 2013-14 | 3-1 | 299876 |
| 2014-15 | 3-3 (എ) | 200000 |
| | 3-3(ബി) | 50000 |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം--ഇല്ല**
**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല**
**ഇ) ഇൗ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര്/ഒൗദ്യോഗിക മേൽവിലാസം | ഇപ്പോഴത്തെ ഒൗദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീമതി ബി.എസ്.ഗീത, സെക്രട്ടറി | വിരമിച്ചു | ജ്യോതിസ്, ആനന്ദവല്ലീശ്വരം, തിരുമുല്ലാവാരം പി.ഒ, കൊല്ലം |
| ശ്രീ.വി.ജി.ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത് | വരിക്കമാക്കൽ, ചെറുവള്ളി പി.ഒ, കോട്ടയം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 01-02, ജനകീയാസൂത്രണം | പി-12/1533/13(14)/അദാ/31.05.14 | 10 |
| 02-03 (ഡി.സി.ബി.) | പി.3/401/11 തീ.03.08.11 | 8 |
| 2003-04 (വരവ്) | പി.3/402/11 തീ.03.08.11 | 3 |
| 2005-06 | പി.12/721/15 തീ.09.09.15 | 11 |
| 2006-07 | പി.12/722/15 തീ.09.09.15 | 4 |
| 99-00 ചെലവ് | എൽ.എഫ്.കെ.പി.6/55/03 തീ.16.06.03/10.10.03 | 27 |
| 2009-10 | എൽ.എഫ്.കെ.പി.12/725/15 തീ.09.09.15 | 5 |
| 10-11,11-12 | എൽ.എഫ്.കെ.പി.12.726/15 തീ.09.09.15 | 7 |
| 12-13 | എൽ.എഫ്.കെ.പി.12/20/15 തീ.06.08.15 | 7 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം.

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഒാഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഒാഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഒാഡിറ്റർ ജനറൽ നിർദേശിച്ച ഒാഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷങ്ങളിലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ള അപാകതകൾ ഒഴിച്ചാൽ വാർഷിക ധനകാര്യസ്റ്റേറ്റ്മന്റ് എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം.